മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *91

ഹെലി ടൂറിസം നയം

1(*91) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേക്കുയർത്താൻ നടപ്പാക്കുന്ന നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാസമയം കുറയ്ക്കുന്നതിനും ഭൂപ്രകൃതി ആസ്വദിക്കുന്നതിന് സഞ്ചാരികളെ പ്രാപ്തരാക്കുന്നതിനുമായി ഹെലിടൂറിസം നടപ്പാക്കുന്നതിന് മുന്നോടിയായി ഹെലിടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഹെലിടൂറിസം പദ്ധതിയുടെ ഏകോപനം ഏതൊക്കെ വകുപ്പുകളുടെ സഹായത്തോടെ സാധ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) വിനോദസഞ്ചാരികൾക്ക് ഹെലികോപ്റ്റർ യാത്രയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേക്കുയർത്താൻ നൂതന പദ്ധതികൾ സാധ്യമാകുന്ന നിലയിൽ പരമാവധി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഹെലി ടൂറിസം**

കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്ടർ സേവനങ്ങൾ

ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.

**ക്രൂയിസ് ടൂറിസം**

സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിക്ക് രൂപം നൽകി വരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.

**സീപ്ലെയിൻ പദ്ധതി**

സംസ്ഥാനത്തെ ടൂറിസം മേഖലക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടം എന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.

**ഡിസൈൻ പോളിസി**

വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച്

പരമപ്രധാനമാണ്. ഇവ കണക്കിലെടുത്തുകൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗനിർദേശക ചട്ടക്കൂട് ആണ് രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടങ്ങുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ നടപ്പിലാക്കിവരുന്നു.

**ടൂറിസം നിക്ഷേപക സംഗമം:-**

ടൂറിസം നിക്ഷേപക സംഗമം വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കുകയും സാധ്യമാകുന്നതുമാണ്.

**സിനി ടൂറിസം:-**

കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിംഗ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ

കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി കിരീടം പാലം ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു.

**കാരവൻ ടൂറിസം:-**

കോവിഡാനാന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും വാഗമണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച്:-**

ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി 40 പദ്ധതികൾക്ക് അനുമതി

നൽകിയിട്ടുണ്ട്.

**മാസ്റ്റർ പ്ലാൻ**

ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നു. കോവളം പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

**സ്റ്റാർട്ട്അപ്പ് മിഷൻ**

വിനോദസഞ്ചാര വകുപ്പും കേരള സ്റ്റാർട്ട്അപ്പ് മിഷനും തമ്മിൽ നൂതനമായ വിവിധ പദ്ധതികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU-ൽ ഏർപ്പെട്ടിട്ടുണ്ട്. നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയാണ്.

**ക്യാരിയിംഗ് കപ്പാസിറ്റി പഠനം**

ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു

ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു.

**ഉത്തരവാദിത്ത ടൂറിസം**

സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക, ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും, പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്.

ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളെയും ആകർഷിക്കുന്നവയാണ്.

**മലബാർ ലിറ്ററി സർക്യൂട്ട് ഫേസ്**

മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി.

വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ബയോഡൈവേഴ്സിറ്റി സർക്യൂട്ട്**

പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതിക്ക് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**നൈറ്റ് ലൈഫ് ടൂറിസം**

സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കി. കനകക്കുന്ന് കൊട്ടാര വളപ്പിലും നൈറ്റ് ലൈഫ് ടൂറിസം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്.

**നൂതന നഗര ഇടങ്ങൾ**

പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്തും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കൊല്ലത്ത് ഇത്തരത്തിലുള്ള ആദ്യ പദ്ധതി അന്തിമഘട്ടത്തിലാണ്.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ‘ Ashtamudi Biodiversity and Eco-

Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ ' Sargalaya - Global Gateway to Malabar Cultural Crucible എന്നീ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാസമയം കുറയ്ക്കുന്നതിനും ഭൂപ്രകൃതി ആസ്വദിക്കുന്നതിനും സഞ്ചാരികളെ പ്രാപ്തരാക്കുന്നതിനുമായി ഹെലിടൂറിസം നടപ്പാക്കുന്നതിന് മുന്നോടിയായി ഹെലിടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്നതോടൊപ്പം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തിക്കുന്നതിനും സഞ്ചാരികളെ പ്രാപ്തരാക്കുന്നതിനുമാണ് ഹെലി ടൂറിസം ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനു മുന്നോടിയായി ഹെലിടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

വിവിധ ഘട്ടങ്ങളിലായാണ് ഹെലിടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലിടൂറിസം

പ്രോത്സാഹിപ്പിക്കുകയെന്നതാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. സന്നദ്ധരായ ഹെലിടൂറിസം സേവനദാതാക്കളെ ഇതിനായി പ്രയോജനപ്പെടുത്തും. ഇതിന്റെ ഭാഗമായി സഞ്ചാരികൾക്ക് ട്രിപ്പുകൾ തിരഞ്ഞെടുക്കുവാനും ബുക്ക് ചെയ്യുവാനും ഉതകുന്ന തരത്തിൽ ഒരു മൈക്രോസൈറ്റ് ഒരുക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയെക്കൂടി ഭാഗഭാക്കാക്കിക്കൊണ്ടായിരിക്കും പദ്ധതി നടപ്പാക്കുക. പുതിയ ഹെലിപ്പാഡുകൾ നിർമ്മിക്കുവാനും ആവശ്യമായ അനുമതികൾ ഉള്ള ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് സേവനം ലഭ്യമാക്കുവാനും സ്വകാര്യമേഖലയ്ക്ക് അവസരം ഉണ്ടായിരിക്കും.

(സി) വിനോദസഞ്ചാര വകുപ്പിന് പുറമേ റവന്യൂ, ഗതാഗതം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ആഭ്യന്തരം/പോലീസ് തുടങ്ങി വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് സാധ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഹെലിടൂറിസം പ്രോത്സാഹനത്തിനായി ഒരു ഫെസിലിറ്റേറ്ററായി

സർക്കാർ പ്രവർത്തിക്കുകയാണ്. നിലവിലുള്ള മാർഗനിർദേശങ്ങൾ പ്രകാരം ഹെലികോപ്റ്റർ യാത്രക്കാരുടെ ഇൻഷ്വറൻസ് പരിരക്ഷ ഒരുക്കുന്നത് ഹെലികോപ്റ്റർ സേവനദാതാക്കൾക്കുള്ള നിബന്ധനകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നൂതനമായ പദ്ധതികളൊക്കെത്തന്നെ നമ്മുടെ സംസ്ഥാനത്ത് ടൂറിസം വികസനത്തിന് വളരെയേറെ പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിലും ആ മാറ്റം ദൃശ്യമാണ്. അത്തരം പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെയും വിശേഷിച്ച് മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി സഞ്ചാരികളുടെ എണ്ണത്തിൽ നല്ലമാറ്റം പ്രതിഫലിക്കുന്നുണ്ടോ; അത് വിശദമാക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 2016-ൽ എൽ.ഡി.എഫ്.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ കഴിഞ്ഞ എട്ട് വർഷമായി സാധ്യമാകുന്ന എല്ലാ കാര്യങ്ങളുമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. നമുക്ക് വീക്കായിട്ടുള്ള ചില ഭാഗങ്ങളുണ്ട്. മലബാർ പ്രദേശങ്ങൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് നേരത്തെതന്നെ പ്രകടന പത്രികയിൽ എൽ.ഡി.എഫ്. ചൂണ്ടിക്കാട്ടി. അത് മൊത്തം കേരള ടൂറിസത്തിന്റെ കുതിപ്പിന് കാരണമാകും. ആ നിലയിൽ എല്ലാ സാധ്യതകളും ഉപയോഗിച്ചു. അതിന്റെ ഭാഗമായി കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും അധികം സഞ്ചാരികൾ വന്ന വർഷമായി 2024 മാറിയെന്ന സന്തോഷ വിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 22246989 സഞ്ചാരികൾ 2024-ൽ കേരളത്തിലേക്കുവന്നു. ഇതിന്റെ കോവിഡിനു മുമ്പുള്ള ഏറ്റവും വലിയ കണക്കെടുത്ത് പരിശോധിച്ചാൽ അതിനെക്കാൾ 21 ശതമാനത്തിന്റെ വർധനവുണ്ട്. എന്നാൽ കഴിഞ്ഞ വർഷം, 2023 ആയിരുന്നു കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം സഞ്ചാരികൾ നമ്മുടെ സംസ്ഥാനത്ത് കടന്നുവന്നത്. അന്ന് നിയമസഭയിൽ ഞാൻ സൂചിപ്പിച്ചിരുന്നു, 2023-ന് അധിക കാലം ഇത് റെക്കോർഡ് എന്ന് പറഞ്ഞ് അഹങ്കരിക്കാൻ കഴിയില്ല, 2024 അതിനെ മറികടക്കുമെന്ന്. 2023-ന്റെ

റെക്കോർഡ് 2024 മറികടന്നിരിക്കുകയാണ്. 2024-ന്റെ റെക്കോർഡ് 2025-ഉം മറികടക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബജറ്റിൽ പ്രഖ്യാപിച്ച 'കെ-ഹോംസ് പദ്ധതി വലിയ ആവേശമാണ് ഈ രംഗത്ത് ഉയർത്തിയിരിക്കുന്നത്. ഏത് തരത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അന്താരാഷ്ട്ര ടൂറിസ്റ്റുകളെ കെ-ഹോംസിലേക്ക് ആകർഷിക്കാൻ പ്രത്യേക പദ്ധതികളെന്തെങ്കിലും ഉണ്ടാകുമോ; വിശദീകരിക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രധാനപ്പെട്ടതും ജനങ്ങൾ പൊതുവെ അറിയാൻ താല്പര്യപ്പെടുന്നതുമായൊരു ചോദ്യമാണിത്. ബജറ്റിൽ കെ-ഹോംസിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചതിനുശേഷം പലരും വിളിച്ച് ഇതിന്റെ കാര്യങ്ങൾ ചോദിക്കുന്നുണ്ട്. കേരള ടൂറിസത്തിന്റെ വളർച്ചയുടെ ഒരു പ്രധാനപ്പെട്ട ഘടകം ഹോസ്പിറ്റാലിറ്റി ശൃംഖലയുടെ വിപുലീകരണമാണെന്ന് നമുക്ക് അറിയാം. നമ്മുടെ സംസ്ഥാന സർക്കാർ അതിനുവേണ്ടി സാധ്യമാകുന്ന കാര്യങ്ങൾ കേരളത്തിൽ ചെയ്യുന്നതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് ഏറ്റവുമധികം ഫൈവ് സ്റ്റാർ ഹോട്ടലുകളുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ഉദ്ദ

പഞ്ചായത്തിൽ, ബഹുമാന്യനായ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ മൂന്ന് ഫൈവ് സ്റ്റാർ ഹോട്ടലാണുള്ളത്. സഞ്ചാരികൾ മുഴുവൻ ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിക്കുന്നവരല്ലെന്ന് നമുക്കറിയാം. മിതമായ നിരക്കിൽ മുറികൾ വേണം. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ ഓൺലൈൻ ബുക്കിംഗ് ആക്കിയതിന്റെ ഭാഗമായി 10-24 കോടി രൂപയുടെ അധിക വരുമാനം സർക്കാരിന് ലഭിച്ചു. അതിന്റെ ഒരു ലിസ്റ്റ് ഞങ്ങൾ പരിശോധിച്ചപ്പോൾ അതിലും വലിയൊരു ശതമാനം സഞ്ചാരികളാണ്. ഇതുകണ്ടുകൊണ്ട് ഹോസ്പിറ്റാലിറ്റി സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടി 'കെ-ഹോംസ്' എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകുകയാണ്. ആൾതാമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഫോർട്ട് കൊച്ചി, കുമരകം, കോവളം, മൂന്നാർ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പത്ത് കിലോമീറ്റർ ചുറ്റളവിൽ ഈ പദ്ധതി നടപ്പാക്കാനാണ് ആദ്യഘട്ടത്തിൽ തീരുമാനിച്ചിരിക്കുന്നത്. ഇത്തരം വീടുകളിൽ ആളുകൾക്ക് മികച്ച താമസ സൗകര്യമൊരുക്കുക എന്നതാണ്

പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഹോംലി ഫുഡ് അടക്കമുള്ള സൗകര്യങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പ്രത്യേക ബുക്കിംഗ് സൗകര്യമടക്കം ആലോചിക്കുന്നുണ്ട്. ബജറ്റ് പാസ്സായാലുടൻതന്നെ ഇതുസംബന്ധിച്ച പരിശോധനയിലേക്ക് കടക്കുമെന്നുള്ളതാണ് സഭയെ ഞാൻ ഈ വേളയിൽ അറിയിക്കാൻ ആഗ്രഹിക്കുന്നത്.

ശ്രീമതി ദെലീമ: സർ, സംസ്ഥാന ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി ഈ രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തിയ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിക്ക് ഒരായിരം അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്. സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടായും യാത്ര ചെയ്യുന്നത് വലിയ ട്രെൻഡായി മാറിയിരിക്കുന്നൊരു കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ വനിതാ സഞ്ചാരികളെ ആകർഷിക്കാൻ ടൂറിസം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ഘട്ടത്തിൽ കോവിഡ് രൂക്ഷമായിരുന്നു. ടൂറിസം എന്നുള്ളത് വലിയ പ്രതിസന്ധിയിലായൊരു മേഖലയായിരുന്നു. പക്ഷേ, ആ ഘട്ടത്തിൽ കോവിഡിനുശേഷം സാധ്യമാകുന്ന ട്രെൻഡുകളെക്കുറിച്ച് ചർച്ച

ചെയ്തിരുന്നു. ആ ട്രെൻഡിൽ വളരെ പ്രധാനപ്പെട്ടതാണ് ഒന്ന്, സ്ത്രീകളുടെ യാത്ര, മറ്റൊന്ന് യുവത്വത്തിന്റെ യാത്ര. ഇത് രണ്ടും പ്രധാനപ്പെട്ട ട്രെൻഡായി നമ്മൾ കണ്ടിരുന്നു. സ്ത്രീകളുടെ യാത്ര പരിശോധിക്കുമ്പോൾ, അത്തരം യാത്രകൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടി അതിൽ എന്തൊക്കെ കാര്യങ്ങൾ പുതുതായി നമുക്ക് ചെയ്യാൻ കഴിയുമെന്നുള്ള പരിശോധനയാണ് നടത്തിയത്. ഇതിന്റെ ഭാഗമായൊരു ജെൻഡർ ഓഡിറ്റ് സംഘടിപ്പിച്ചു. ജെൻഡർ ഓഡിറ്റിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി തീരുമാനമെടുത്തു. വനിതാ സംരംഭക ശൃംഖല രൂപീകരിക്കുന്നതാണ് ഒരു പ്രധാന ഘടകം. ടൂറിസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലുള്ള സ്ത്രീകളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും പരസ്പരം സംയോജിപ്പിച്ചുള്ള പ്രവർത്തനം സംഘടിപ്പിക്കുകയും ചെയ്യാൻ ഇതിലൂടെ ശ്രമിക്കുകയാണ്. ഇതുവരെ 17631 സ്ത്രീകളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് റെസ്പോൺസിബിൾ ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ടൂർ ഓപ്പറേറ്റർമാർ, ടൂർ ലീഡർമാർ, ഡ്രൈവർമാർ, ഹോം-സ്റ്റേകൾ, ഫുഡ് ടൂറിസം സംരംഭങ്ങളിലുള്ളവർ തുടങ്ങി വ്യത്യസ്ത മേഖലകളെ പ്രതിനിധീകരിക്കുന്നവർ രജിസ്റ്റർ ചെയ്തവരിലുണ്ട്. അവർക്ക് പ്രത്യേകമായ പരിശീലനം നൽകാൻ വേണ്ടി ഇപ്പോൾ

തീരുമാനിച്ചു. അതോടൊപ്പം കേരളത്തിലെ സ്ത്രീ സൗഹാർദ വിനോദസഞ്ചാര പദ്ധതി ലോകത്തിന് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യ 'ഗ്ലോബൽ വിമൻ കോൺഫറൻസ്' ടൂറിസം വകുപ്പ് മൂന്നാറിൽ സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങളും ആലോചനയിലാണ്. യുവത്വവും ഇതുപോലെ ഒരു പ്രധാന ട്രെൻഡാണ്. ലോകത്തിപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന ട്രെൻഡിൽ യുവത്വത്തിന്റെ വരുമാനത്തിന്റെ 28 ശതമാനവും യാത്രകൾക്കുവേണ്ടി മാറ്റിവയ്ക്കുന്നുവെന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിനെയും പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്നുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, ടൂറിസം മേഖല കേരളത്തിൽ മുമ്പ് ഒന്നുമില്ലാത്ത തരത്തിൽ ഏറെ കുതിച്ച് മുന്നേറുകയാണ്. ടൂറിസം മേഖലയിൽ സ്റ്റാർട്ടപ്പുകളുമായി ചേർന്ന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരള സ്റ്റാർട്ട് അപ് മിഷനും ടൂറിസം വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് MOU

ഒപ്പ് വച്ചിട്ടുണ്ട്. കാരവൻ ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളിൽ നൂതന സംവിധാനങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് MOU ഒപ്പ് വച്ചിരിക്കുന്നത്. കൂടുതൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വിശ്രമ കേന്ദ്രങ്ങൾ ഉൾപ്പെടെ സജ്ജമാക്കുന്നതിന് ഇപ്പോൾ ചർച്ച നടന്നുകഴിഞ്ഞു. ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലൂടെ കേരള ടൂറിസത്തിന് കൂടുതൽ പ്രചരണ പരിപാടികൾ നടത്തുവാനുള്ള പ്രവർത്തനങ്ങളും സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് ആലോചിക്കുകയാണ്. പുതിയ തലമുറയിലുള്ളവർ ഇതുമായി ബന്ധപ്പെട്ട് ടൂറിസത്തിന്റെ ഡെവലപ്മെന്റിനുവേണ്ടി രംഗത്ത് വന്നിരിക്കുകയാണ്. പല ചർച്ചകളും നടത്തി. വളരെ നല്ല ആശയങ്ങളാണ് അവർ മുന്നോട്ട് വച്ചിട്ടുള്ളത്. അതിൽ കാണപ്പെട്ട ഒരു പ്രത്യേകത ലോകത്തിന്റെ ട്രെൻഡ് മനസ്സിലാക്കിക്കൊണ്ട് കേരളത്തിന്റെ പുതിയ തലമുറ, അത് ടൂറിസം മേഖലയിൽ മാത്രമായിക്കൊള്ളണമെന്നില്ല എല്ലായിടങ്ങളിലും ഇടപെടുന്നുണ്ട്. അവർ കാര്യങ്ങളെക്കുറിച്ച് നന്നായി മനസ്സിലാക്കി ഇടപെടുന്നവരാണ്. കാര്യങ്ങളെക്കുറിച്ച് നല്ല രീതിയിൽ ധാരണയോടുകൂടി ഇടപെടുന്നവരാണ് നമ്മുടെ നാടിന്റെ ഭാവിയായ പുതിയ തലമുറ എന്നുള്ളത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ചർച്ചകളിലൂടെ

പൊതുവെ മനസ്സിലാക്കാൻ സാധിക്കുന്ന കാര്യമാണ്.

ശ്രീ. എ. രാജ: സർ, പുത്തൻ തലമുറയെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഒന്നാണ് സീപ്ലെയിൻ അടക്കമുള്ള പദ്ധതികൾ. ഈ പദ്ധതികൾ യാഥാർഥ്യമാക്കുന്നതിന് മുൻകൈ എടുക്കുന്ന ടൂറിസം വകുപ്പിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, സാഹസിക ടൂറിസം കേന്ദ്രങ്ങളിലേക്ക് യാത്രകൾ വർധിക്കുന്ന സമയമാണിത്, സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ കേരളം ഏത് തരത്തിലാണ് ഉപയോഗപ്പെടുത്തുന്നത്?P-12-2-2025

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 'സീപ്ലെയിൻ' പദ്ധതി ടൂറിസം വകുപ്പിൽ ഉൾപ്പെടുന്ന ഒരു പദ്ധതിയല്ല. സീപ്ലെയിൻ നേരത്തെ നടപ്പിലാക്കാൻ ശ്രമിച്ചെങ്കിലും വേണ്ടത്ര ഹോംവർക്ക് ചെയ്യാത്തതിനാൽ ചില പ്രയാസങ്ങളും പ്രശ്നങ്ങളും നേരിടേണ്ടതായിവന്നു. ഡാമുകൾ കേന്ദ്രീകരിച്ചുകൊണ്ട് സീപ്ലെയിൻ എന്നുള്ള ആശയം മുന്നോട്ടുവന്നതിന്റെ ഭാഗമായാണ് ബോൾഗാട്ടിയിൽ നിന്നും മാട്ടുപ്പെട്ടി വരെ ഈ പദ്ധതി ആരംഭിച്ചത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും സീപ്ലെയിനിൽ യാത്രചെയ്തപ്പോൾ വല്ലാത്തൊരു

അനുഭവമാണ് തോന്നിയത്. നമുക്ക് അത് യാഥാർഥ്യമാക്കാൻ സാധിക്കും. ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തിൽ ധാരാളം ഡാമുകളുണ്ട്. ആർക്കും തടസ്സമില്ലാത്ത നിലയിൽ മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് നമുക്ക് ഈ പദ്ധതി നടപ്പിലാക്കാനാകും. അതിലൂടെ വലിയ മാറ്റം ഉണ്ടാക്കാൻ സാധിക്കും.

സാഹസിക ടൂറിസത്തിന്റെ കാര്യവുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഇന്ത്യയിലെതന്നെ ഏറ്റവും നല്ല ബീച്ചുകളിലൊന്നാണ് കേരളത്തിലെ ബീച്ചുകൾ. കേരളത്തിലെ ബീച്ചുകളിൽ ഗോവ പോലുള്ള ബീച്ചുകളിൽ വരുന്നതുപോലെ ടൂറിസ്റ്റുകൾ വരാത്തതിന്റെ കാരണം നമ്മൾ അവിടെ വാട്ടർ സ്പോർട്സ് ഉൾപ്പെടെ ഒരുക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ്. അതിന് പരിഹാരം കാണാൻ നമുക്ക് സാധിക്കണം. അതിന്റെ ഭാഗമായുള്ള എല്ലാ ശ്രമങ്ങളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ഉണ്ടെങ്കിലും ഓരോന്നായി ഞാൻ എടുത്ത് പറയുന്നില്ല. ഓരോന്നായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ വിവാദങ്ങൾ അനാവശ്യമായി

സൃഷ്ടിക്കാനുള്ള ശ്രമം പൊതുവെ ചില ലോബികൾ നടത്തുന്നുണ്ട്. അതിന്റെകൂടെ ചിലർ കൂടുന്നുമുണ്ട്. അത് പ്രയാസമുള്ള കാര്യമല്ല, ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. പൊതുവെ പരിശോധിക്കുമ്പോൾ കേരളത്തിലെ ബീച്ച് ടൂറിസത്തിൽ വാട്ടർ സ്പോർട്സ് ഉൾപ്പെടെ ഡെവലപ് ചെയ്തുകഴിഞ്ഞാൽ മലയാളികൾ ഉൾപ്പെടെയുള്ള ടൂറിസ്റ്റുകൾ ഗോവയിൽ പോകുന്നത് ഒഴിവാക്കി ഇവിടെ നിൽക്കുകയും പുറത്തുള്ള ധാരാളം ആളുകൾ ഇവിടെ വരികയും ചെയ്യും. അങ്ങനെ കേരളത്തിലെ ബീച്ചുകൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി മാറുന്നു. അത് ഒന്നോരണ്ടോ സ്ഥലമല്ല, നിരവധി ഇടങ്ങളുണ്ട്. അതിനെ നമുക്ക് ഇനിയും ഉയർത്താൻ സാധിക്കും. അത് ബീച്ചിൽ മാത്രമല്ല സാധ്യമാകുന്നത്. സാഹസിക ടൂറിസത്തിന്റെ മറ്റൊരു പ്രധാന കേന്ദ്രം കേരളത്തിന്റെ മലയോര മേഖലയാണ്. നമുക്ക് ട്രക്കിംഗിന് പറ്റിയ ഇടങ്ങളുണ്ടെന്ന് ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു പ്രത്യേക ഗൂഗിൾ മാപ്പിൽ ട്രക്കിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായ ധാരണയോടുകൂടി പ്രസന്റ് ചെയ്യാൻ കഴിഞ്ഞാൽ എവിടെയൊക്കെ ട്രക്കിംഗ് നടത്താമെന്നും എങ്ങനെ പോകാമെന്നും അറിയാൻ സാധിക്കും. ട്രക്കിംഗും ഹൈക്കിംഗും എങ്ങനെ

ആകാമെന്നുള്ളത് കൃത്യമായ കാഴ്ചപ്പാടോടുകൂടി സാധ്യമാക്കാം. അതിന് താൽപര്യമുള്ള ധാരാളം ആളുകളുണ്ട്. അവരെ മുന്നോട്ടുകൊണ്ടുവരണമെന്ന കാഴ്ചപ്പാടാണ് പൊതുവെ സർക്കാരിനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വിദേശ യൂണിവേഴ്സിറ്റികളെ അന്ന് എതിർക്കുകയും ഇന്ന് സ്വാഗതം ചെയ്യുകയും ചെയ്യുന്ന അതേ നിലപാടാണ് സീപ്ലെയിനിന്റെ കാര്യത്തിലും ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ. പി. അനിൽ കുമാർ മന്ത്രിയായിരുന്ന സമയത്താണ് ആദ്യമായി സീപ്ലെയിൻ ആരംഭിക്കാൻ തീരുമാനിച്ചത്. അന്ന് എന്തൊക്കെ എതിർപ്പുകളായിരുന്നു കൊണ്ടുവന്നത്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ആ നയം മാറ്റിയതിൽ സന്തോഷമുണ്ട്. അതോടൊപ്പം 79 കേന്ദ്രങ്ങളെ ടൂറിസ്റ്റ് കേന്ദ്രങ്ങളായി നോട്ടിഫൈ ചെയ്തുകൊണ്ട് ബിയറും വൈനും പാർലറുകൾ ആരംഭിക്കാനുള്ള തീരുമാനം ഏതെങ്കിലും ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; വിദേശത്തുനിന്നും ഇന്ത്യയിൽനിന്നും വരുന്ന ഡൊമസ്റ്റിക് ടൂറിസ്റ്റുകൾ കേരളത്തിൽവന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി മാറുന്നുവെന്ന കൺസപ്റ്റിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് വിഷയമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. രണ്ടാമത്തെ വിഷയം മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ടതാണ്. ആദ്യത്തെ വിഷയമായ സീപ്ലെയിൻ സംബന്ധിച്ച കാര്യവും മറ്റൊരു വകുപ്പിലാണ് വരുന്നത്. സീപ്ലെയിനിന്റെ കാര്യത്തിൽ വേണ്ടത്ര ഹോം വർക്ക് നടത്താത്തതിനാലാണ് ചില പ്രശ്നങ്ങളുണ്ടായത് എന്ന് നമുക്ക് അറിയാവുന്നതാണ്. നമുക്ക് പല കാര്യത്തിലും ഹോംവർക്ക് ഇല്ലാതെ പോകുന്നതാണ് പ്രശ്നം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അത്തരത്തിൽ പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: നിങ്ങൾ പറഞ്ഞതുകൊണ്ടല്ലേ അദ്ദേഹം പറയുന്നത്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, യാഥാർത്ഥ്യം പറയുമ്പോൾ നെറ്റിചുളിച്ചിട്ട് കാര്യമില്ല. പറയേണ്ട കാര്യങ്ങൾ ഞങ്ങൾ പറയുകതന്നെ ചെയ്യും. അതിൽ മറ്റ് കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. മത്സ്യത്തൊഴിലാളികളുമായി കൃത്യമായി ചർച്ച നടത്താനോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനോ തയ്യാറായിട്ടില്ല. എന്നുമാത്രമല്ല, സീപ്ലെയിനിന്റെ ഓപ്പറേറ്റർ നിരവധി പരാതികളും പ്രശ്നങ്ങളും

പറഞ്ഞിരുന്നു. ഞാൻ അക്കാര്യങ്ങളിലേക്ക് ഒന്നും കടക്കുന്നില്ല. ഇതൊക്കെ ഹോംവർക്ക് ചെയ്യാനും ഡാമുകൾ കേന്ദ്രീകരിച്ച് നേരത്തെതന്നെ ആലോചിച്ചിരുന്നുവെങ്കിൽ ഒരു തടസ്സവുമുണ്ടാകില്ലായിരുന്നു. ആലോചനയിലും ഹോംവർക്ക് ചെയ്യുന്നതിലും ചില പോരായ്മകൾ അതിനകത്തുണ്ട്. അത് മാറ്റി ഡാമുകൾ കേന്ദ്രീകരിച്ചാണ് ഇപ്പോൾ സീപ്ലെയിൻ എന്ന ആശയം മുന്നോട്ടുവച്ചിട്ടുള്ളത്. അത് നല്ല നിലയിൽ നടപ്പിലാക്കാവുന്ന കാര്യമാണ്. അതിൽ എല്ലാവരുടെയും സഹകരണത്തോടെ മുന്നോട്ടുപോകാമായിരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്.........)

മി. സ്പീക്കർ: മിനിസ്റ്റർ ignore ചെയ്തോളൂ, അങ്ങ് സംസാരിക്കൂ.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് നമുക്ക് ആലോചിച്ച് തീരുമാനിക്കാം. ആ നിലയിൽ മുന്നോട്ടുപോകാവുന്നതാണ്. സീപ്ലെയിൻ കടലിൽ മാത്രമെ ഇറക്കാൻ കഴിയുകയുള്ളൂവെന്ന് നിയമത്തിൽ എവിടെയും എഴുതിവച്ചിട്ടില്ലല്ലോ; സീപ്ലെയിൻ ഡാമിൽ ഇറങ്ങി അതിലൂടെ സഞ്ചാരികളും യാത്രക്കാരും സഞ്ചരിക്കുന്നത് നാടിന് ഗുണമാണോ ദോഷമാണോ; അത് നാടിന് ഗുണമാണെന്ന് മനസ്സിലാക്കണം. നാടിന് ഗുണമാകുന്ന

കാര്യങ്ങൾക്ക് അള്ള് വയ്ക്കുന്ന പണി എന്തിനാണ് എടുക്കുന്നത്. അള്ള് വച്ച് എത്രകാലം മുന്നോട്ടുപോകും. ഡാമിൽ സീപ്ലെയിൻ കൊണ്ടുവരുന്നത് എല്ലാവരും അംഗീകരിക്കുകയാണെങ്കിൽ അത് നടപ്പിലാക്കാനുള്ള ഫെസിലിറ്റേറ്ററായി ഈ സംസ്ഥാന സർക്കാരും ടൂറിസം വകുപ്പും മുന്നിലുണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് നിരവധി സഞ്ചാരികളെ ആകർഷിക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. അതിന്റെ വികസനത്തിനായി കഴിഞ്ഞ ബജറ്റിൽ 20 ശതമാനം പണം അനുവദിച്ചിരുന്നതാണ്. ഭൂമി സംബന്ധമായ ചില പ്രശ്നങ്ങൾ നിലനിന്നിരുന്നത് പരിഹരിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. അടിയന്തരമായി ആ പദ്ധതി തുടങ്ങിവയ്ക്കാനും പൂർത്തീകരിക്കാനും ആവശ്യമായ നടപടിയെടുക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അക്കാര്യം സാധ്യമാക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ ഒരു യോഗം വിളിച്ചുചേർക്കാം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഏറ്റവും മനോഹരമായ

ബീച്ചുകളുള്ള ഒരു മണ്ഡലമാണ് മഞ്ചേശ്വരം നിയോജകമണ്ഡലം. കഴിഞ്ഞ വർഷത്തെ ബജറ്റിൽ തുച്ഛമായ 5 കോടി രൂപ ലഭിക്കുമ്പോൾ ഞാൻ അതിൽ ഓരോ കോടി രൂപവീതം മഞ്ചേശ്വരത്തെ ബേരിക്ക, ഹൊസബെട്ടു, കുണ്ടുകൊളാകെ എന്നീ ബീച്ചുകൾക്കുവേണ്ടിയാണ് നീക്കിവച്ചത്. മംഗലാപുരത്തുനിന്നും ബേക്കൽ കോട്ടയിലേക്ക് വരുന്ന അൻപത് കിലോമീറ്ററിനിടയിൽ ടൂറിസം മേഖലയിൽ വളരെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് അതെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. താജിന്റെ റിസോർട്ട് അടക്കം മഞ്ചേശ്വരത്ത് വരുന്നുണ്ട്. ഇത് ഡെവലപ് ചെയ്യുമ്പോൾ ലാൻഡുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. കടലിന് തൊട്ടടുത്തുള്ള പ്രദേശമായതിനാൽ സി.ആർ.ഇസഡ്.-മായി ബന്ധപ്പെട്ട വിഷയങ്ങളും മറ്റുള്ള ഭൂമി സംബന്ധമായ പ്രശ്നങ്ങളുമുണ്ടാകാം. അതിൽ ലിബറലായി ഇടപെടണം. കെ.ഡി.പി. (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്)-യിൽനിന്ന് വളരെ മനോഹരമായ പദ്ധതിയായ കണ്വതീർത്ഥ ബീച്ച് വളരെ നന്നായി ഡെവലപ് ചെയ്തുവരുന്നുണ്ട്. പൊസഡി ഗുംബെ, അദീക്ക, കുണ്ടുകൊളാകെ

എന്നിവ നന്നായി ഡെവലപ് ചെയ്യാൻ സാധിക്കും. ലാൻഡ് സംബന്ധമായ വിഷയങ്ങൾ പരിഹരിക്കാൻ അങ്ങ് അടിയന്തരമായി ഇടപെടുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് എങ്ങനെയാണ് സാധ്യമാകുന്നതെന്ന് പരിശോധിക്കാം. പൊതുവെ ടൂറിസം മേഖലയിൽ സർക്കാർ ഒരു ഫെസിലിറ്റേറ്ററായി നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരിശോധിക്കാനാണ് TIM (Tourism Investors Meet) നടത്തിയത്. അതിന്റെ ഭാഗമായി സാധ്യമാകുന്ന ലാൻഡുകളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കാനുള്ളവയുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ വർക്കുകൾ പൊതുവെ നടക്കുകയാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സർക്കാർതന്നെ മുൻകൈയെടുത്ത് സാധ്യമാകുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിൽ നല്ല റിസൾട്ട് 2025-ൽ ഉണ്ടാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച വിഷയത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് ഇടപെടാം.

ശ്രീ. എം. രാജഗോപാലൻ: സർ, ടൂറിസം വികസനം മുൻനിർത്തി പഠനത്തോടൊപ്പം തൊഴിലും സമ്പാദ്യശീലത്തോടൊപ്പം സ്വാശ്രയ ശീലവുമുണ്ടാക്കാൻ ഉതകുന്ന തരത്തിൽ ടൂറിസം ക്ലബ്ബുകളെ

പരിവർത്തനപ്പെടുത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം ക്ലബ്ബുകൾ വളരെ ആക്ടീവായി വന്നുകൊണ്ടിരിക്കുകയാണ്. ആ ക്ലബ്ബുകളെ മൂന്ന് നിലയിലാണ് തരംതിരിച്ചിരിക്കുന്നത്. ടൂറിസം ഡെസ്റ്റിനേഷനുകളുടെ ചുമതലകൊടുത്തുകൊണ്ട് മെയിന്റനൻസും മാർക്കറ്റിംഗും. വിദേശ ടൂറിസ്റ്റുകൾ വരുമ്പോൾ അവരുടെ ഗൈഡുകളായി മാറാൻ വിവിധ ഭാഷകളുടെ പഠനം നടത്തി അതിലൂടെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി. ഇതിലൂടെ ടൂറിസം ക്ലബ്ബിലെ പുതിയ തലമുറയെ കേരളത്തിന്റെ ടൂറിസത്തിന്റെ ബ്രാൻഡ് അംബാസിഡർമാരായി മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. ടൂറിസം ക്ലബ് രൂപീകരണത്തിൽ വലിയ ഗുണകരമായ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിലെ ധാരാളം കാമ്പസുകളിലും ഡെസ്റ്റിനേഷനുകളിലും വിദ്യാർത്ഥികളും യുവജനങ്ങളും ടൂറിസം ക്ലബ്ബ് അംഗങ്ങളായി മാറിയിട്ടുണ്ട്. അതിൽ വലിയ മാറ്റം പൊതുവെ നമുക്ക് കാണാൻ സാധിക്കും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമാണ് ആതിരപ്പിള്ളി-വാഴച്ചാൽ ഉൾപ്പെടെയുള്ള

മേഖല. അവിടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. കഴിഞ്ഞമാസം ഹംഗറി പ്രധാനമന്ത്രിയും ചാൾസ് രാജാവുമടക്കം സന്ദർശിച്ചിട്ടുള്ള വളരെ മനോഹരമായ പ്രദേശമാണ്. ഗവൺമെന്റ് ഈ മേഖലയെ അവഗണിക്കുകയാണ് ചെയ്യുന്നത്. പാർക്കിംഗിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം കാരണം വലിയ പ്രയാസമാണ് നേരിടുന്നത്. ഒരു വർഷം 30 ലക്ഷം സഞ്ചാരികൾ വരുന്ന ഈ ടൂറിസം കേന്ദ്രത്തിനെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അതൊരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. വിവിധ വകുപ്പുകൾക്കൂടിചേർന്ന് ചർച്ച ചെയ്ത് നടപടി സ്വീകരിക്കേണ്ട കാര്യമാണ്. അത് എങ്ങനെയാണ് ഡെവലപ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ സർക്കാർ മുന്നിട്ടിറങ്ങുമെന്നത് സഭയെ അറിയിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, ടൂറിസം മേഖലയിൽ സമഗ്രമായ പരിഷ്കാരങ്ങൾ വരുത്തികൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഈ സന്ദർഭത്തിൽ ഞാൻ അനുമോദിക്കുന്നു. തേക്കടി മുഴുവൻ വനപ്രദേശമാണ്.

അതിനോട് ചേർന്നുകിടക്കുന്ന കുമളിയും വാഗമണ്ണും 'കെ-ഹോംസ്' പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. അത് പരിശോധിച്ച് ഭാവിയിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കാം.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ മുമ്പിൽ കാലടി, മലയാറ്റൂർ, ആതിരപ്പിള്ളി (ഇവിടെ നേരത്തെ സൂചിപ്പിച്ച പ്രദേശങ്ങൾ) ഉൾപ്പെടെ ബന്ധപ്പെടുത്തികൊണ്ടുള്ള 'ടൂറിസം സർക്യൂട്ട്' പദ്ധതി സമർപ്പിച്ചിരുന്നു. അവിടെ കേന്ദ്ര സംഘം വരികയും പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തെങ്കിലും അതിന്റെ തുടർനടപടികൾ ഉണ്ടായിട്ടില്ല. കാലടി-മലയാറ്റൂർ-ആതിരപ്പിള്ളി ടൂറിസം സർക്യൂട്ട് യഥാർത്ഥ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരുമായി ഇടപെടൽ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അക്കാര്യം ചർച്ച ചെയ്ത് യഥാർത്ഥ്യമാക്കാൻ എന്ത് ചെയ്യാനാകുമെന്നുള്ളത് പരിശോധിക്കാം.

അതിന് ടൂറിസം വകുപ്പ് എല്ലാ നിലയിലും ഇടപെടൽ നടത്തുമെന്ന് സഭയെ അറിയിക്കുകയാണ്.

**തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി പെൻഷൻ കുടിശ്ശിക**

2(*92) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡുൾപ്പെടെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ പെൻഷനടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മാസങ്ങളായി മുടങ്ങിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശദായമടച്ച നിരവധി വ്യക്തികൾക്ക് പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകളിൽ പെൻഷനടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ & ബി) ഉണ്ട്. തനതുഫണ്ടിൽനിന്നും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽനിന്നും നിലവിൽ ഡിസംബർ 2024 വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. 2025 ജനുവരി മാസത്തെ പെൻഷൻ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സർക്കാർ സഹായത്തോടെ, സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. അതോടൊപ്പം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേനിധി ബോർഡ് എന്നീ ബോർഡുകൾ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങളിൽ 2024 ഡിസംബർ മാസം വരെയുള്ള അപേക്ഷകളിൽ കുടിശ്ശികയില്ല. മറ്റു

ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശികകൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ടി ബോർഡിൽനിന്നുള്ള ക്ഷേമപദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തരാനുകൂല്യം, മാരകരോഗ അധിവർഷാനുകൂല്യം, വിവാഹധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ഉന്നതവിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളിൽ അധിവർഷാനുകൂല്യം ഒഴികെയുള്ളവയിൽ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് വിതരണം ചെയ്യുന്നതിനും മറ്റാനുകൂല്യങ്ങളുടെ വിതരണം ഒരു പരിധിവരെ കാലികമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിബോർഡിൽ 2023 സെപ്തംബർ മാസം വരെയുള്ള പെൻഷനും 2024 മാർച്ച് 31 വരെയുള്ള മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്.

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 2024 ഫെബ്രുവരി 12-ലെ ഉത്തരവുപ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതിനാൽ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർധനവുണ്ടാകുന്നതും പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. തനതുഫണ്ടുപയോഗിച്ച് പെൻഷൻ നൽകിവരുന്ന ക്ഷേമനിധി ബോർഡുകൾ 2024 ഡിസംബർ വരെ പെൻഷൻ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. തൊഴിലാളി-തൊഴിലുടമ നൽകിവരുന്ന അംശദായത്തിൽനിന്നും ലഭിക്കുന്ന പലിശയിൽനിന്നാണ് ക്ഷേമനിധി ബോർഡുകൾ വരുമാനം കണ്ടെത്തുന്നതും ഗുണഭോക്താക്കളുടെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്നതും.

ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്ന അസംഘടിത-പരമ്പരാഗത മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണത്തിൽ വന്ന

ഇടിവും പെൻഷൻകാരുടെ വർധനവും പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കള്ള് ചെത്ത്, ഈറ്റ, കശുവണ്ടി, ബീഡി പോലെയുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും ബോർഡുകളുടെ വരുമാനമാർഗം കുറയുന്നതിന് കാരണമായിട്ടുണ്ട്. ഈ താൽക്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി ഈ വിഭാഗം ക്ഷേമനിധി ബോർഡിലെ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്തുവരുന്നു. ഇത്തരം ക്ഷേമനിധി ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി മേഖല ഓഫീസ് അടിസ്ഥാനത്തിൽ മെമ്പർഷിപ്പ് കാമ്പയിനുകൾ നടത്തുന്നുണ്ട്.

(ഡി) തനതുഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകൾ 2024 ഡിസംബർ വരെ പെൻഷൻ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. സർക്കാർ സഹായത്തോടെ, സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ 2024 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്.

ശ്രീ. സി. ആർ മഹേഷ്: സർ, ഒരു കാലത്ത് സമ്പത്തുകൊണ്ട്

സമ്പന്നമായിരുന്ന കേരളത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഇന്ന് പെൻഷൻപോലും കൃത്യമായി കൊടുക്കാൻ സാധിക്കാത്ത തരത്തിൽ കടുത്ത ദാരിദ്ര്യത്തിലാണ്. കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും സർക്കാരോ മറ്റ് ക്ഷേമനിധി ബോർഡുകളോ വായ്പയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ്; അത് തിരിച്ചുനൽകിയോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇരുപത് ലക്ഷത്തിലധികം അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒൻപത് ലക്ഷത്തോളം പേരാണ് കൃത്യമായി അംശദായമടച്ച് അംഗത്വം പുതുക്കിയിരിക്കുന്നത്. ബോർഡിൽനിന്നും വ്യാജ മെമ്പർമാരെ കണ്ടെത്തി ഒഴിവാക്കാനുള്ള ജില്ലാതലത്തിലുള്ള സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 150 കോടി രൂപയും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 100 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കോവിഡുകാലത്ത് കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 1000 രൂപ ആശ്വാസ ധനസഹായമായി എല്ലാ തൊഴിലാളികൾക്കും നൽകിയിരുന്നു. ഇനിയും അപേക്ഷ നൽകിയ എത്രപേർക്ക് ആ തുക ലഭ്യമാക്കാനുണ്ട്?

ശ്രീ. വി. ശിവൻകുട്ടി: സർ, അക്കാര്യം പരിശോധിച്ചശേഷം അറിയിക്കാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ക്ഷേമനിധി ബോർഡുകളുടെ സ്രോതസ്സ്, അംശദായവും നിർമ്മാണ മേഖലയിൽനിന്നും ലഭിക്കുന്ന സെസ്സുമാണ്. അത് പിരിച്ചെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര താൽപര്യം കാണിക്കാത്തതിനാൽ ഇന്ന് ഈ രീതിയിൽ എല്ലാം പെൻഡിംഗാണ്. ഞാൻ ഓരോന്നായി എടുത്തുപറയുന്നില്ല. ഏത് ക്ഷേമനിധി ബോർഡ് എടുത്താലും അവിടെ കുടിശ്ശികയാണ്. ആ കുടിശ്ശിക നൽകുന്നതിനായി ഇത്തരത്തിൽ ക്ഷേമനിധികൾക്ക് ലഭിക്കേണ്ട അർഹമായ സെസ്സുകൾ പിരിച്ചെടുക്കാനുള്ള തീവ്രമായ ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതിലെ അംഗത്വത്തിന്റെ എണ്ണം ഇരുപത്

ലക്ഷത്തിലധികമാണ്. ലേബർ ഡിപ്പാർട്ട്മെന്റ് കാര്യമായി അതിന് ശ്രമം നടത്തുന്നുണ്ട്. അത് കുറച്ചുകൂടി സജീവമാക്കുന്നതിനുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ചിട്ടുള്ളത്. തൊഴിലാളിയല്ലാത്തവരും ബന്ധപ്പെട്ട ട്രേഡ് യൂണിയന്റെ സർട്ടിഫിക്കറ്റോടെ ഇതിൽ അംഗങ്ങളായിട്ടുണ്ട്. ആയിരത്തോളം വരുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളാണ് അംഗത്വം ലഭിക്കുന്നതിനുവേണ്ടി ഒപ്പിട്ടുകൊടുക്കുന്നത്. അതിൽ എല്ലാവരുമുൾപ്പെടും. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പരിശോധന നടത്തി അത്തരം ട്രേഡ് യൂണിയനുകളുടെ അംഗീകാരം പിൻവലിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്ക് മറ്റ് പെൻഷനുകളൊന്നും നൽകില്ലെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളെ ക്ഷേമനിധി പെൻഷനിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇതുവരെ പെൻഷൻ വിതരണം ചെയ്യാത്തതിനാൽ നിരവധി പരാതികൾ വരുന്നുണ്ട്. ഇവരെ ഒഴിവാക്കിയിട്ടില്ലെങ്കിൽ എത്രയുംവേഗം പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ചില മാനദണ്ഡങ്ങളുള്ളതിനാൽ അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം അതിൽ കുറച്ച് കാലതാമസം വന്നിട്ടുണ്ട്. ഇനി താമസം കൂടാതെ ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. റോജി എം. ജോൺ: സർ, വെള്ളക്കരം, വൈദ്യുതി ചാർജ്, വീട്ടുകരം, കുട്ടികളുടെ ഫീസ്, ഭൂനികുതി, മദ്യത്തിന്റെ വില എന്നിവയെല്ലാം വർധിപ്പിച്ചു. ആകെ വർധിക്കാതെയുള്ളത് ക്ഷേമനിധിയിലുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ തുകയാണ്. മറ്റ് പെൻഷനുകളിൽനിന്നും വ്യത്യസ്തമായി ക്ഷേമനിധിയിലെ തൊഴിലാളികൾ അംശദായം അടയ്ക്കുന്നവരായതിനാൽ അവർക്കുള്ള പെൻഷൻ വർധിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ; അതുപോലെ സാധാരണക്കാരായ ഈറ്റ, കാട്ടുവള്ളി, തഴ തുടങ്ങിയ തൊഴിലാളികൾ ഞങ്ങളുടെയൊക്കെ മേഖലകളിൽ നിരവധിയുണ്ട്. അവർക്ക് സർക്കാർ കൊടുക്കേണ്ടതായ അംശദായം ബോർഡിന് കുടിശ്ശികയായി കിടക്കുന്നതിനാൽ അത് അടിയന്തരമായി

നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം ഒന്നാമതായി പറഞ്ഞത് 2016 വരെയുള്ള കാര്യങ്ങളായതിനാൽ അത് ഇപ്പോഴുള്ളതാണെന്ന് എനിക്ക് തോന്നുന്നില്ല. തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകളും മറ്റ് വിവിധ വകുപ്പുകളുടെ കീഴിൽ 18 ബോർഡുകളും പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലെ ക്ഷേമനിധി ബോർഡുകളിൽ 67 ലക്ഷത്തിലധികം തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്. ഉടനെ ആനുകൂല്യങ്ങൾ വർധിപ്പിക്കുന്ന കാര്യം പ്രയാസമായതിനാൽ ഭാവിയിൽ അതുസംബന്ധിച്ച് ആലോചിക്കാം.

ശ്രീ. പി. നന്ദകുമാർ: കേന്ദ്ര സർക്കാർ പുതിയ ലേബർ കോഡുകൾ ഏപ്രിൽ മാസത്തിൽ നടപ്പാക്കുകയാണ്. അത് നടപ്പാക്കി കഴിഞ്ഞാൽ കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ അവസ്ഥയെന്താകും; കേന്ദ്രത്തിന്റെ കണക്കുപ്രകാരം അൺഓർഗനൈസ്ഡ് സെക്ടറിൽ ഒരു ബോർഡ് മാത്രമാണുള്ളത്. ഇതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ഗൗരവതരമായി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേന്ദ്ര ഗവൺമെന്റിന്റെ പുതിയ തൊഴിൽ

നിയമം കേരളത്തിന്റെ സാഹചര്യമനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ കഴിയൂവെന്ന നിലപാട് ഇതിനോടകം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 29 കേന്ദ്ര നിയമങ്ങളെ 4 തൊഴിൽ കോഡുകളായി മാറ്റുന്ന നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരികയാണ്. പ്രസ്തുത കോഡുകൾ നിലവിൽ വരുമ്പോൾ തൊഴിലാളികളുടെ നിലവിലുള്ള നിയമപരമായിട്ടുള്ള അവകാശങ്ങളുൾപ്പെടെ ഇല്ലാതാകുന്ന അവസ്ഥ സംജാതമാകാൻ സാധ്യതയുണ്ട്. ഉദാഹരണത്തിന് നിലവിൽ പത്തോ അതിൽ കൂടുതലോ തൊഴിലാളികളുള്ള എല്ലാ സ്ഥാപനങ്ങളും ബോണസ് ആക്റ്റിന്റെ പരിധിയിൽ വരുന്നതാണ്. എന്നാൽ പുതിയ കോഡ് നിലവിൽ വരുമ്പോൾ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ അത് പരിമിതപ്പെടും. പത്ത് ലക്ഷത്തിനുമുകളിൽ നിർമ്മാണച്ചെലവുള്ള എല്ലാ റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും സെസ്സ് ബാധകമാണ്. ഇതാണ് നിലവിൽ കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനമാർഗം. എന്നാൽ പുതിയ ലേബർ കോഡ് നിലവിൽ വരുമ്പോൾ അത് 50 ലക്ഷത്തിനുമുകളിൽ നിർമ്മാണച്ചെലവ് വരുന്ന കെട്ടിടങ്ങൾക്കുമാത്രമായി നിജപ്പെടുത്തുന്നതിനാൽ ബിൽഡിംഗ് സെസ്സ് വരുമാനത്തിൽ വലിയൊരു

കുറവുണ്ടാകും. ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പാക്കില്ലെന്നും ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ തൊഴിലാളി താൽപര്യം ഉയർത്തിപ്പിടിച്ച് മാത്രമേ മുന്നോട്ടുപോകുകയുള്ളൂവെന്നും ഇതിനോടകം വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, എൽ.എസ്.ജി.ഡി. മുഖേന ബിൽഡിംഗ് സെസ്സ് പിരിവ് നടപ്പിലാക്കിയതിനെത്തുടർന്ന് സെസ്സ് പിരിവിൽ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇക്കാര്യത്തിൽ കാര്യമായ വർധനവുണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ധാരാളം ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചിട്ടുണ്ട്. അതിന്റെ കൂടെയാണ് പുതിയൊരു ഉത്തരവാദിത്വംകൂടി ഏൽപ്പിച്ചിരിക്കുന്നത്. എങ്കിലും കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായ മാറ്റം കാണുന്നുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, തമിഴ്നാട് സർക്കാർ അവരുടെ സ്കൂളുകളിലെ ഒരു ലക്ഷത്തിൽ ചില്വാനം പാചകത്തൊഴിലാളികൾക്ക് എല്ലാ സർക്കാർ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. ഇവിടത്തെ സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് ഓണറേറിയമാണ് നൽകുന്നത്. മറ്റുള്ള ഗവൺമെന്റ് ജീവനക്കാരെപ്പോലെ ഇവർക്കും ആനുകൂല്യങ്ങൾ നൽകണം.

അവരെ സംബന്ധിച്ചിടത്തോളം കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്ത നൽകുന്നു. പക്ഷേ അവരുടെ കുട്ടികൾക്ക് ഭക്ഷണം നൽകാൻ സാധിക്കാത്തതരത്തിലുള്ള അവസ്ഥയിലാണ് ഈ പാചകത്തൊഴിലാളികളുള്ളത്. അവർക്ക് ന്യായമായ ആനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റും ബഹുമാന്യനായ മന്ത്രിയും തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേന്ദ്ര ഗവൺമെന്റ് സ്കൂൾകുട്ടികൾക്ക് നൽകുന്ന സൗജന്യഭക്ഷണ സ്കീമിൽപ്പെട്ടവരാണ് സ്കൂൾ പാചകത്തൊഴിലാളികൾ. പ്രഥമാധ്യാപകരും, പി.ടി.എ. പ്രസിഡന്റും ഉൾപ്പടെയുള്ള കമ്മിറ്റിയാണ് പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂടി സംയുക്തമായുള്ള പ്രോജക്ടാണിത്. ഇതിൽ 60 ശതമാനം തുക കേന്ദ്രഗവൺമെന്റും 40 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് ചെലവഴിക്കേണ്ടത്. പക്ഷേ കേന്ദ്ര ഗവൺമെന്റ് 600 രൂപ മാത്രമാണ് പാചകത്തൊഴിലാളികൾക്ക് നൽകാൻ നിശ്ചയിച്ചിട്ടുള്ളത്. അക്കാര്യത്തെ സംബന്ധിച്ച് നിങ്ങൾ ഒന്നും മിണ്ടുന്നില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും

യു.ഡി.എഫ്.-ന്റെ ഗവൺമെന്റും പല ഘട്ടങ്ങളിലായി അവരുടെ വേതനം വർധിപ്പിച്ചു. അതുപ്രകാരം ഇപ്പോൾ പന്തീരായിരം രൂപ പാചകത്തൊഴിലാളികൾക്ക് നൽകുകയാണ്. അവർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചശേഷം ഇക്കാര്യത്തിൽ വേണ്ട തീരുമാനമെടുക്കാം. സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകണമെന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ഒരു നല്ല നാളെ വരുമ്പോൾ ഇക്കാര്യത്തെ സംബന്ധിച്ച് നമുക്ക് ആലോചിക്കാം. ഇതിനെക്കുറിച്ച് ഇപ്പോൾ ആലോചിക്കാൻ നിർവ്വാഹമില്ല.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ജീവിത സുരക്ഷിതത്വത്തിന്റെ പല ക്ഷേമനിധികൾ, 62 ലക്ഷത്തോളം പേർക്ക് കൊടുക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവകൊണ്ട് മറ്റ് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം സമ്പന്നമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്കുൾപ്പെടെ ക്ഷേമനിധി ഏറ്റവും ഒടുവിലാണ് ഇവിടെ പ്രഖ്യാപിച്ചത്. ക്ഷേമനിധി ബോർഡുകളുടെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിനും ക്ഷേമനിധിയിൽ അനർഹരായ അംഗങ്ങളെ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന്

വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, എല്ലാ ക്ഷേമനിധി ബോർഡുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി തൊഴിൽവകുപ്പിന്റെ കീഴിൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (എ.ഐ.ഐ.എസ്.) നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടമായി ക്ഷേമനിധി ബോർഡുകളുടെ രജിസ്ട്രേഷനും അംഗത്വം പുതുക്കലും നടപ്പിൽ വരുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിലൂടെ അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നതടക്കമുള്ള കാര്യങ്ങൾ തടയാൻ സാധിക്കും. തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണുള്ളത്. അവയുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ 16 ബോർഡുകളെയും 11 ബോർഡുകളാക്കി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ തീരുമാനം കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാനും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാനും

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാനും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാനുമാണ് ഇപ്പോൾ സർക്കാർ ആലോചിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: സർ, അങ്ങയുടെ ഉത്തരത്തിൽ ക്ഷേമനിധി ബോർഡിന്റെ പണം ഗവൺമെന്റിലേക്ക് വായ്പയായി കൊടുത്തിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അങ്ങനെ വായ്പയായി കൊടുക്കുമ്പോൾ അതിന്റെ തിരിച്ചടവ്, പലിശ എന്നിവയെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; അതുപോലെ എന്തൊക്കെ നിബന്ധനകളാണ് ഇതിന്റെകൂടെ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയാൻ കഴിയുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഗവൺമെന്റിന് കൊടുത്തിട്ടുണ്ടെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞിട്ടില്ല. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 150 കോടി രൂപയും 100 കോടി രൂപയും

നൽകിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടില്ല.

മി. സ്പീക്കർ: അങ്ങനെ തന്നെയാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അസംഘടിത തൊഴിലാളികൾക്ക് ഭവനം നൽകുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് കേരളത്തിന്റെ പല ഭാഗങ്ങളിലും ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. പെരുമ്പാവൂരിൽ അഞ്ചുവർഷം കൊണ്ട് തൊണ്ണൂറ്റി രണ്ടോളം ഫ്ലാറ്റുകൾ വെങ്ങോല പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ അസംഘടിത തൊഴിലാളികൾക്ക് അവ നൽകിയിട്ടില്ല. ടി ഫ്ലാറ്റുകൾ അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞകാര്യം ഗൗരവമായി പരിശോധിക്കാം. അതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ഡി. കെ. മുരളി: സർ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനമാണ് ബിൽഡിംഗ് സെസ്സ്. അതിൽ ഇന്ന് ഒട്ടേറെ ന്യൂനതകളുണ്ട്. എൽ.എസ്.ജി.ഡി.-യെ ഏൽപ്പിച്ചെങ്കിലും കാര്യമായ വരുമാന വർധനവിലേക്ക് പോകുന്നില്ല. ഈ

ന്യൂനതകൾ പരിഹരിച്ച് സെസ്സ് പിരിവ് ഫലപ്രദമാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ബിൽഡിംഗ് സെസ്സിലെ ന്യൂനതകൾ പരിഹരിക്കാൻ സർക്കാർ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി കുടിശ്ശിക ഉൾപ്പെടെയുള്ള ബിൽഡിംഗ് സെസ്സ് പിരിച്ചെടുക്കുന്നതിന് തൊഴിൽ വകുപ്പ് മുഖേന സെസ്സ് അദാലത്തുകൾ സംഘടിപ്പിച്ചുവരികയാണ്. 2021 നവംബർ മാസത്തിലാണ് സെസ്സ് അദാലത്ത് ആരംഭിച്ചത്. ഇത് ഇപ്പോഴും തുടരുകയാണ്. 2021-22 കാലയളവിൽ 285 കോടി 11 ലക്ഷം രൂപ അദാലത്തിലൂടെ ലഭിച്ചിട്ടുണ്ട്. 2022-23-ൽ ഇത് 378 കോടി 18 ലക്ഷം രൂപയായി മാറി. 2023-24-ൽ 385 കോടി 53 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. അദാലത്ത് മുഖേന അഞ്ച് തുല്യഗഡുക്കളായി സെസ്സ് അടക്കാനുള്ള സൗകര്യവും കെട്ടിട ഉടമകൾക്കുണ്ട്. കൂടാതെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, പുറത്തുള്ള ചൂട് 37 ഡിഗ്രി സെൽഷ്യസിലേക്ക്

ഉയർന്നു. കാലാവസ്ഥമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനും അതിനനുസരിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി തോട്ടം തൊഴിലാളികൾക്ക് കഠിനചൂട് വരുമ്പോൾ ജോലിസമയം പുനഃക്രമീകരിച്ച് കൊടുക്കാറുണ്ട്. ഈ വർഷം ജോലിസമയത്തിൽ പുനഃക്രമീകരണം നടത്താനുള്ള നടപടികൾ സ്വീകരിക്കണം. ബിവറേജസ് കോർപ്പറേഷൻ എന്റെ നിയോജകമണ്ഡലത്തിൽ തോട്ടം തൊഴിലാളികളുടെ ഭവനത്തിനുവേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിന്റെ തറക്കല്ലിട്ടു. ഇക്കാര്യത്തിൽ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇതിൽ അങ്ങയുടെ ഇടപെടലുകൾ ഉണ്ടാകുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റം മനസ്സിലാക്കി തൊഴിലാളികളുടെ ജോലി സമയം ക്രമികരിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഇന്നലെ പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളിൽ പരിശോധിച്ച് തീരുമാനമെടുക്കാം.

## 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം

3(*93) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി കാനത്തിൽ ജമീല ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. വി. കെ. പ്രശാന്ത്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും പ്രസ്തുത വിജ്ഞാപനം സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ എങ്ങനെയാണ് ബാധിക്കുകയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപനപ്രകാരം നിശ്ചിത പഠനശേഷി ആർജ്ജിക്കാത്ത വിദ്യാർഥികളെ തോൽപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ വിജ്ഞാപനം പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാനായി കുട്ടികളുടെ പഠനശേഷി വർധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) 2024 ഡിസംബർ 16-ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ Right to Education (RTE) Act, 2009-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതിപ്രകാരം പ്രധാനമായ മാറ്റം വരുത്തിയത് 5-ാം ക്ലാസ്, 8-ാം ക്ലാസ് വിദ്യാർഥികളുടെ പരീക്ഷാരീതിയിലും ക്ലാസ്സ് കയറ്റം (Promotion) സംബന്ധിച്ച വിഷയങ്ങളിലുമാണ്. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ നിയമം (ഭേദഗതി), 2024 (Right of Children to Free and Compulsory Education (Amendment) Rules, 2024) എന്ന പേരിലുള്ള ഈ ഭേദഗതി ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമം നിലവിൽവന്നതിലൂടെ ഉണ്ടായ പ്രധാന മാറ്റങ്ങൾ ചുവടെ പറയുന്നവയാണ്.

1. 5-ാം ക്ലാസ്സിലും 8-ാം ക്ലാസ്സിലും വാർഷിക പരീക്ഷ നിർബന്ധം.

2. പ്രൊമോഷൻ മാനദണ്ഡങ്ങൾ പാലിക്കാത്ത വിദ്യാർഥികൾക്ക് പുന:പരീക്ഷ.

3. പുന:പരീക്ഷയിൽ വീണ്ടും പരാജയം സംഭവിച്ചാൽ വീണ്ടും അതേ

ക്ലാസിൽ കുട്ടി പഠനം തുടരണം.

കേരളം ഇതുവരെ കൈക്കൊണ്ട പൊതുനിലപാടുകളോട് യോജിച്ചുപോകുന്നതല്ല ഈ വിജ്ഞാപനം. മുഴുവൻ കുട്ടികളും അതത് ക്ലാസ്സിൽ വിജയം ഉറപ്പാക്കി അടുത്ത ക്ലാസ്സിലേയ്ക്ക് കുട്ടികളെ എത്തിക്കുകയെന്നതാണ് നമ്മുടെ നിലപാട്. കുട്ടികളെ അരിച്ചുകളയുകയെന്ന നിലപാട് നമുക്കില്ല. എല്ലാ കുട്ടികളും നേടേണ്ട ശേഷി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അടുത്ത ക്ലാസ്സിലേക്ക് എത്തിക്കാനും സഹായകരമായ നിലയിൽ പരീക്ഷയടക്കമുള്ള വിലയിരുത്തൽ രീതികൾ സർക്കാർ കൈക്കൊള്ളുന്നതാണ്. വിദ്യാഭ്യാസ കാര്യത്തിൽ ഏകപക്ഷീയമായി കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ള ഈ തീരുമാനം കുട്ടികളിൽ അടിച്ചേൽപ്പിക്കുന്നതിനോട് കേരളം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ വിലയിരുത്തൽ പോലുള്ള കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് സ്വന്തമായി തീരുമാനമെടുക്കാനുള്ള അവകാശം ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

(ബി) ഉണ്ട്. ഭേദഗതിയിലെ മൂന്നാം വ്യവസ്ഥപ്രകാരം പുന:പരീക്ഷയിൽ കുട്ടികൾ തോറ്റാൽ അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും

വീണ്ടും പഠിക്കേണ്ടിവരും.

(സി) മേൽപ്പറഞ്ഞ നിയമഭേദഗതി കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. പൊതുവിദ്യാലയങ്ങളിലെ പഠന പിന്നാക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അത് പരിഹരിക്കുന്നതിനുള്ള സൃഷ്ടിപരമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ അധ്യയനവർഷം അർദ്ധവാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഒന്ന് മുതൽ ഒൻപത് വരെയുള്ള ക്ലാസ്സുകളിൽ പഠന പിന്തുണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അർദ്ധവാർഷിക പരീക്ഷയിൽ ഓരോ വിദ്യാർത്ഥിക്കും ലഭിച്ച വിവിധ വിഷയങ്ങളിലെ മാർക്ക് "സമ്പൂർണ്ണ പ്ലസ്സി"ൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. പരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ അതത് ക്ലാസ്സ് ടീച്ചർമാർ കണ്ടെത്തുകയും ഈ ലിസ്റ്റിലുൾപ്പെട്ട കുട്ടികളുടെ ഓരോ വിഷയത്തിലുമുള്ള കഴിവുകളും പരിമിതികളും കണ്ടെത്തി (ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ എഴുതിയത്) ക്ലാസ്സ് ടീച്ചർമാർ സൂക്ഷിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രധാന പഠന പ്രശ്നങ്ങൾ ഏതെല്ലാമെന്ന്

കണ്ടെത്തി രേഖപ്പെടുത്തിയത് അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകളും നിരന്തര വിലയിരുത്തൽ രേഖകളും പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. ഇവ വിശകലനം ചെയ്ത് കുട്ടിയുടെ പഠനനില മനസ്സിലാക്കി ഇതിന്റെ ഭാഗമായി പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠന പ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പഠനപിന്തുണാ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ജനുവരി ആദ്യവാരത്തിൽ പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ഓരോ വിഷയത്തിലും അധ്യാപകർ പിന്തുണ നൽകിയിട്ടുണ്ട്. കുട്ടികൾക്ക് പ്രയാസം നേരിട്ടിട്ടുള്ള പഠനമേഖലകൾ പ്രത്യേകമായി കണ്ടെത്തി അവയെ ആധാരമാക്കിയാണ് ക്ലാസ്സുകൾ നടന്നത്. പഠനപിന്തുണ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സ്കൂൾ പരിശോധനകൾ നടത്തിയിട്ടുണ്ട്. പഠനപുരോഗതി പ്രഥമാധ്യാപകർ നിരീക്ഷിച്ച് എല്ലാ കുട്ടികളും പഠനനിലവാരം നേടിയെന്ന് ഉറപ്പുവരുത്താൻ

നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനപുരോഗതിയുടെ നേർക്കാഴ്ചകൾ രക്ഷിതാക്കളുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും കുട്ടികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായം വിശകലനം ചെയ്ത് പഠനപിന്തുണാ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സ്കൂൾതല യോഗങ്ങളിൽ അവതരിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് നിർദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനശേഷി വർധിപ്പിക്കുന്നതിന് വിവിധങ്ങളായ നിരവധി പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കുംഭമേളകളുടെ കാലമാണല്ലോ ഇത്; ഈ കുംഭമേളയിൽ വൈറലായ ഒരു പെൺകുട്ടിയുടെ വാർത്ത നമ്മുടെ മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും വന്നിരുന്നു. മൊണാലിസ എന്നുപറയുന്ന സുന്ദരിയായ ആ പെൺകുട്ടി മാല വിൽക്കാൻവേണ്ടി വന്നതാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ. വർണിക്കാൻ ഇത് ചോദ്യോത്തരവേളയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അവിടെ വന്ന ആളുകൾ ആ

കുട്ടിയോട് ചോദിച്ചു, 'നീ ഏത് സ്കൂളിലാണ് പഠിക്കുന്നത്' എന്ന്. ഞാൻ അത് പറയാനാണ് ഉദ്ദേശിച്ചത്. അപ്പോൾ കുട്ടി അമ്പരന്നുപോയി. ഞാൻ ഒരു സ്കൂളിലും പോയിട്ടില്ലെന്നാണ് അവൾ മറുപടി പറഞ്ഞത്. ഇതാണ് ഇന്ത്യയിലെ പല ഗ്രാമങ്ങളുടെയും അവസ്ഥ. അവിടെയാണ് കേരളത്തെ സംബന്ധിച്ച് നമുക്ക് വലിയ അഭിമാനം തോന്നുന്നത്. നമുക്ക് പൊതുവിദ്യാഭ്യാസ മേഖലയിലെടുക്കാൻ കഴിഞ്ഞ സംരക്ഷണത്തെ സംബന്ധിച്ചും അഭിമാനം തോന്നുകയാണ്. 2009-ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2024 ഡിസംബറിൽ യൂണിയൻ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തെ സംസ്ഥാന സർക്കാർ എങ്ങനെയാണ് സമീപിക്കുന്നത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ ഇക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്. 2009-ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പൊതുസത്തയുമായി യോജിച്ചുപോകുന്നതാണ് ഈ ഭേദഗതി. ഈ ഭേദഗതിപ്രകാരം 3, 5, 8 ക്ലാസുകളുടെ അവസാനം പൊതുപരീക്ഷ നടത്തി ക്ലാസ് കയറ്റ മാനദണ്ഡങ്ങൾ പാലിക്കാതെ കുട്ടികൾക്ക് രണ്ടുമാസത്തെ അവസരം നൽകി വീണ്ടും പരീക്ഷ നടത്തുകയും അതിലും വിജയിക്കാൻ

കഴിഞ്ഞില്ലെങ്കിൽ പഠിച്ച ക്ലാസിൽതന്നെ തുടരാൻ നിർബന്ധമാവുകയും ചെയ്യുന്നതാണ് ഈ വിജ്ഞാപനം. എല്ലാ കുട്ടികളെയും ഉൾക്കൊള്ളുകയും ഉൾച്ചേർക്കുകയും ചെയ്തുകൊണ്ട് ആവശ്യമായ സന്ദർഭത്തിൽ പഠന പിന്തുണ നൽകി അടുത്ത തലത്തിലേയ്ക്ക് ഉയർത്തി എടുക്കുകയെന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. കുട്ടികളെ അരിച്ചുകളയുക എന്നത് കേരളത്തിന്റെ നിലപാട് അല്ല. ഒരു കുട്ടിയെപ്പോലും പരാജയപ്പെടുത്തുന്ന കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ദേശീയ തലത്തിൽ ഒന്നാം ക്ലാസിലെത്തുന്ന കുട്ടികളിൽ പഠനത്തുടർച്ച ഉറപ്പാക്കി എത്ര ശതമാനം കുട്ടികൾ പത്താം ക്ലാസിൽ എത്തിച്ചേരുന്നുണ്ട്; കർണാടക, തെലുങ്കാന, ഗുജറാത്ത്, ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ പഠനത്തുടർച്ച നിരക്ക് കേരളവുമായി താരതമ്യം ചെയ്തിട്ടുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഉണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ 100 കുട്ടികൾ ഒന്നാം ക്ലാസിൽ ചേരുമ്പോൾ 63.8 ശതമാനം പേരാണ് പത്താം ക്ലാസിൽ എത്തുന്നത്. 36.64 ശതമാനം കുട്ടികൾക്ക് പഠനത്തുടർച്ച ഉറപ്പാക്കാൻ കഴിയുന്നില്ല. ഇപ്രകാരം പഠനത്തുടർച്ച ഉറപ്പാക്കാൻ കഴിയാത്ത

കുട്ടികളുടെ എണ്ണം എട്ടുകോടിയിലധികം വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ 100 കുട്ടികൾ ഒന്നാം ക്ലാസിൽ ചേരുമ്പോൾ 98.6 ശതമാനം കുട്ടികൾ പത്താം ക്ലാസിൽ എത്തുകയാണ്. എന്നാൽ കർണാടകത്തിൽ 88.3 ശതമാനവും തെലുങ്കാനയിൽ 78.4 ശതമാനവും ഗുജറാത്തിൽ 72.3 ശതമാനവും ഉത്തർപ്രദേശിൽ 51.6 ശതമാനവും ബീഹാറിൽ 56.7 ശതമാനവും കുട്ടികൾ മാത്രമെ പത്താം ക്ലാസിൽ എത്തുന്നുള്ളൂ. കുട്ടികളുടെ പഠനത്തുടർച്ചയുടെ കാര്യത്തിൽ ഇനിയും വളരെയേറെ മുന്നോട്ടുപോകാൻ ഈ സംസ്ഥാനങ്ങൾക്ക് കഴിയണമെന്നാണ് കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ 2023-24-ലെ UDISE (Unified District Information System for Education) ഡാറ്റാ വ്യക്തമാക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും ഉള്ളടക്കവും മെച്ചപ്പെടണമെന്നത് എല്ലാവരും കാണുന്ന കാര്യമാണ്. ഗുണമേന്മ വിദ്യാഭ്യാസം സംബന്ധിച്ച പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ കേരളം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട് എന്താണെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അറിവിനും കഴിവിനും ക്ഷമതയ്ക്കും ഏറെ

പ്രാധാന്യമുള്ള ലോകക്രമത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഈ ലോകക്രമത്തിൽ ജീവിക്കാൻ അനുഗുണമായ അറിവും കഴിവും നൈപുണ്യവും നേടിയെടുക്കുകയെന്നതാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്നത്. അതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യം, തുല്യത അടക്കമുള്ള ഭരണഘടന മുന്നോട്ടുവയ്ക്കുന്ന എല്ലാ മൂല്യങ്ങളും കുട്ടികൾ ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. സമൂഹ നിർമാണ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാനുള്ള കഴിവ് കുട്ടികൾ ആർജിക്കണം. ഇതെല്ലാം ഉൾക്കൊള്ളുന്ന ഗുണമേന്മ വിദ്യാഭ്യാസമാണ് സർക്കാരിന്റെ നിലപാട്. വളരെ വിപുലമായ ചർച്ചകൾ നടത്തി വികസിപ്പിച്ച കേരള പാഠ്യ പദ്ധതി ചട്ടക്കൂട് 2023-ൽ ഇക്കാര്യം വിശദമായി പ്രതിപാദിക്കുന്നുണ്ട്. അറിവിന്റെ സ്വാംശീകരണത്തിനും ആർജിച്ച അറിവ് പ്രയോഗിക്കാനുള്ള ശേഷിയും കുട്ടികളിൽ വികസിക്കേണ്ടതായിട്ടുണ്ട്. അത്തരത്തിൽ പഠന പ്രകിയയിലൂടെ കുട്ടികൾ ആർജിച്ച അറിവ് വിനിമയം ചെയ്യാനുള്ള അവസരം വികസിപ്പിക്കണം. മുൻകാലത്ത് അവലംബിച്ച പഠന രീതിയിൽനിന്നും നവീനമായ പഠന രീതികളിലേയ്ക്ക് മാറിയാലേ ഇന്നത്തെ ലോകം മുന്നോട്ടുവയ്ക്കുന്ന വെല്ലുവിളികൾ കുട്ടികൾക്ക് ഏറ്റെടുക്കാൻ കഴിയൂ.

ശ്രീ. വി. കെ. പ്രശാന്ത്: സർ, പുതിയ തലമുറയിലെ കുട്ടികൾ സാങ്കേതികപരമായി വലിയ മുന്നേറ്റം നേടിയിരിക്കുന്ന കാലഘട്ടമാണിത്. അച്ഛനമ്മമാർ പോലും പറയുന്നത് തങ്ങളുടെ മക്കൾ തങ്ങളേക്കാൾ കമ്പ്യൂട്ടറും മറ്റ് സങ്കേതങ്ങളുമൊക്കെ ഉപയോഗിക്കുന്നുവെന്നാണ്. ഇക്കാലത്ത് സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ആധുനികവൽകരണം നടത്തുന്നതിന്റെ ഭാഗമായി അധ്യാപകരെ സജ്ജമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ രീതിയാണ് നമുക്ക് വേണ്ടത്. ആധുനിക സാങ്കേതിക വിദ്യയുടെ വികാസത്തിനനുസരിച്ച് പഠന രീതിയിലും പഠന പ്രക്രിയയിലും നടത്തിപ്പിലും പരിവർത്തനങ്ങൾ വേണ്ടിവരും. ഇതിനായി അധ്യാപകരെ സജ്ജമാക്കുന്നതിനുവേണ്ടി നിരന്തരമായി അധ്യാപക പ്രൊഫഷണൽ വികാസ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഹയർ സെക്കൻഡറി മേഖലയിൽ പത്തുദിവസത്തെ റസിഡൻഷ്യൽ പരിശീലനം ഇപ്പോൾ നടക്കുന്നുണ്ട്. ഇത്തരം പരിശീലനങ്ങൾ ഘട്ടംഘട്ടമായി മുഴുവൻ അധ്യാപകർക്കും

നൽകണമെന്നാണ് സർക്കാരിന്റെ നിലപാട്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഗുണമേന്മ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം എങ്ങനെയാകണമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; അധ്യാപകർക്ക് നൽകുന്നതുപോലെ തുടർ വിദ്യാഭ്യാസ പരിപാടികൾ രക്ഷകർത്താക്കൾക്കും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അഖിലേന്ത്യാടിസ്ഥാനത്തിൽ വിജ്ഞാപനം വന്നാലും അത് രക്ഷിതാക്കളുടെ ശ്രദ്ധയിൽ പൊതുവെ വരാറില്ല. നിരക്ഷരരായ നിരവധി രക്ഷിതാക്കൾ ഇന്ത്യയിലെ ഗ്രാമീണ മേഖലകളിലുണ്ട്. എന്നാൽ കേരളത്തിന്റെ പൊതു അവസ്ഥ അതല്ല. കേരളത്തിലെ ഏകദേശം എല്ലാ രക്ഷിതാക്കളും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാകുന്നവരാണ്. വിദ്യാഭ്യാസത്തിന് വലിയ പ്രധാന്യം കൊടുക്കുന്ന സമൂഹമാണ് നമ്മുടേത്. അതുകൊണ്ടുതന്നെ ഗുണമേന്മാ വിദ്യാഭ്യാസത്തിലും രക്ഷിതാക്കൾക്ക് നിർണായക പങ്കുവഹിക്കാൻ കഴിയും. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കുട്ടികൾക്ക് പഠിക്കാനും വളരാനുമുള്ള അന്തരീക്ഷം വീടുകളിൽ ഒരുക്കുക എന്നതാണ്. പല രക്ഷിതാക്കളും പഠന കാര്യങ്ങളിൽ

കുട്ടികളെ അമിതമായി സമ്മർദ്ദത്തിന് വിധേയമാക്കുന്നുണ്ട്. ഇത്തരം അമിത സമ്മർദ്ദങ്ങൾ കുട്ടികളെ മാനസിക പിരിമുറുക്കത്തിലേയ്ക്കും മറ്റും നയിക്കുന്നതാണ്. മാത്രമല്ല, കുട്ടികളെ പരസ്പരം താരതമ്യം ചെയ്യുന്ന സ്ഥിതിയുമുണ്ട്. ഒരു കുട്ടിയേയും മറ്റൊരു കുട്ടിയുമായി താരതമ്യം ചെയ്യാൻ കഴിയില്ല എന്നതാണ് വസ്തുത. ഓരോരുത്തർക്കും അവരുടേതായ കഴിവുകളുണ്ട്. കുട്ടികളുടെ സവിശേഷതകൾ മനസ്സിലാക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. രക്ഷിതാക്കൾ കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകരുമായി സൗഹാർദപരമായ ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ, ആവശ്യമായ സന്ദർഭങ്ങളിൽ സ്കൂൾ കാര്യങ്ങളിൽ പങ്കാളിയാകാനും രക്ഷിതാക്കൾ തയ്യാറാകണം. അതേസമയം സ്കൂളിന്റെ അക്കാദമിക അന്തരീക്ഷത്തെ ബുദ്ധിമുട്ടിപ്പിക്കുന്ന രീതിയിലുള്ള ഇടപെടലുണ്ടാകാതെയും നോക്കണം. സ്കൂളും വീടും തമ്മിലുള്ള പോസിറ്റീവായ ബന്ധം കുട്ടികളുടെ പഠനത്തെ മെച്ചപ്പെടുത്താനേ സഹായിക്കൂ. ഇത്തരമൊരു മനോഭാവം ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രതീക്ഷിക്കുകയാണ്. ഇത്തവണ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ രക്ഷകർതൃ വിദ്യാഭ്യാസത്തിനുള്ള പുസ്തകത്തിൽ ഇക്കാര്യങ്ങളെല്ലാം വിശദമായി സൂചിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സ്കൂളുകളിൽ കുട്ടികൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളെ സംബന്ധിച്ച വാർത്തകൾ പുറത്തുവരുന്നുണ്ട്. അവർക്കുനേരെയുണ്ടാകുന്ന പോക്സോ കേസുകളിൽ സ്വാഭാവികമായ കേസുകൾ ഉണ്ടാകുന്നതായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, 77 പോക്സോ കേസുകളാണ് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിൽ 62 എണ്ണത്തിലാണ് നടപടികൾ തുടർന്നുവരുന്നത്. തീർപ്പാക്കിയ 15 കേസുകളുണ്ട്. സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള പോക്സോ കേസുകളുടെ അടിസ്ഥാനത്തിൽ സ്ത്രീകളെയും പെൺകുട്ടികളെയും സംരക്ഷിക്കുകയെന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അച്ചടക്കനടപടി സ്വീകരിച്ചുവരുന്ന പോക്സോ കേസുകളിൽ, ഒരുവർഷത്തിലേറെയായിട്ടും അച്ചടക്കനടപടിയും തുടർനടപടിയും എടുക്കാത്തവയിൽ കർശനമായ അച്ചടക്കനടപടി സ്വീകരിക്കണമെന്ന് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടപടി

സ്വീകരിക്കാത്ത പോക്സോ കേസുകളിൽ, നിയമനാധികാരി മേലധികാരിയെന്ന നിലയിൽ അച്ചടക്കനടപടി എടുക്കാത്ത കേസുകളിൽ, പുതുതായി അച്ചടക്കനടപടി തുടങ്ങുന്നതിനും തുടർന്നുവരുന്ന അച്ചടക്കനടപടികളിൽ തുടർനടപടി സ്വീകരിക്കാനും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. പോക്സോ കേസുകളിൽ കുറ്റാരോപിതർക്കെതിരെയുള്ള അച്ചടക്കനടപടികൾ കർശനമാക്കുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും സർക്കാരിൽനിന്നും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പീഡനത്തിനിരയായ കുട്ടികളുടെ വിശദാംശങ്ങൾ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിങ്ങനെ തരംതിരിച്ച് ലിസ്റ്റ് തയ്യാറാക്കി കുറ്റാരോപിതർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതാണ്. സർവീസിൽനിന്ന് പെൻഷനായി പിരിഞ്ഞവർക്കെതിരെയും നിയമം അനുശാസിക്കുന്ന ശക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്. കുറ്റാരോപിതർ തെളിവിന്റെ അഭാവത്തിൽ കേസിൽനിന്ന് ഒഴിവാക്കുന്നവരുടെ കാര്യത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പുതുതായി അച്ചടക്ക നടപടികൾ ആരംഭിക്കേണ്ടതാണ്. കുറ്റപത്രം നൽകി

മറുപടി നൽകാത്തവർക്ക് രണ്ടാഴ്ചയ്ക്കകം വിശദീകരണമോ മെമ്മോയോ നൽകി KCS (CCA) Rules-ലെ സെക്ഷൻ 15 പ്രകാരം നടപടികൾ കൈക്കൊള്ളുന്നതാണ്. വിശദീകരണ മെമ്മോ നൽകിയവരുടെ കാര്യത്തിൽ KCS (CCA) Rules-ലെ സെക്ഷൻ (8)-ൽ പറഞ്ഞിരിക്കുന്ന മേജർ ശിക്ഷാനടപടി ഉടൻ കൈക്കൊള്ളുന്നതാണ്. ഇത്തരം ആളുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഗവൺമെന്റ് സ്വീകരിക്കില്ല.

**സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ**

4 (*94) <u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:
<u>ശ്രീ. യു. ആർ. പ്രദീപ്</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വന്യജീവി വിനോദസഞ്ചാര മേഖലയിലെ നൂതനമായ പദ്ധതികൾക്കുള്ള അന്താരാഷ്ട്ര അംഗീകാരം നേടിയെടുക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) ഇക്കോ ടൂറിസം പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകി നടപ്പാക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഇക്കോടൂറിസം വികസനത്തിന് തെന്മല ഇക്കോടൂറിസത്തിന് ദേശീയ അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. "ഇക്കോടൂറിസത്തിന്റെ സുസ്ഥിര വികസനം: ചെറുകിട, ഇടത്തരം സംരംഭങ്ങളിലെ നല്ല സമ്പ്രദായങ്ങളുടെ സമാഹാരം" (“ sustainable development of ecotourism: a compilation of good practices in SMES” .) എന്ന പ്രസിദ്ധീകരണത്തിൽ യു.എൻ.ഡബ്ല്യൂ.ടി.ഒ. (UNWTO) തെന്മല ഇക്കോടൂറിസം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ നടത്തുന്ന നൂതനമായ പദ്ധതികൾക്കുള്ള ടി.ഒ.എഫ്. ടൈഗേർസിന്റെ സാങ്ച്വറി ഏഷ്യ അവാർഡ് കേരള ടൂറിസത്തിന് ലഭിച്ചിട്ടുണ്ട്. ഇക്കോടൂറിസം/യാത്രയുമായി ബന്ധപ്പെട്ട വിഭാഗത്തിൽ തെന്മല ഇക്കോടൂറിസത്തിന് PATA Gold അവാർഡ് ലഭിച്ചിട്ടുണ്ട്.

(ബി) വിനോദസഞ്ചാര മേഖലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ട് വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡിസൈൻ പോളിസിക്ക് അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് സുസ്ഥിര ടൂറിസം വികസനമാണ്. വ്യത്യസ്തങ്ങളായ പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സ്ട്രീറ്റ് പദ്ധതിയിൽപ്പെടുത്തി വിവിധ സ്ട്രീറ്റുകൾ സജ്ജമാക്കുന്നു. കൊല്ലത്ത് ബയോഡൈവേഴ്സിറ്റി സർക്യൂട്ട് വഴി പരിസ്ഥിതി സംരക്ഷണവും പരിസ്ഥിതി സൗഹാർദ്ദ ടൂറിസവും ലക്ഷ്യമിടുന്നു. സുസ്ഥിര വിനോദസഞ്ചാര മേഖലകളിൽ നിലവിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന ഇക്കോടൂറിസം പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | തുക | ഏജൻസി |
|---|---|---|---|
| 1 | ഗവിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി | 190,00,000 | KFDC |
| 2 | ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പഠനവും പരിശീലനവും | 34,27,000 | KITTS |

| | | | |
|---|---|---|---|
| 3 | തെന്മലയിലെ മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടൻ | 1,80,00,000 | TEPS |
| 4 | ക്യാരിയിങ് കപ്പാസിറ്റി പഠനം/ നെല്ലിയാമ്പതി ഇക്കോ ടൂറിസം | 50,00,000 | KITTS |
| 5 | ആലപ്പുഴ പുറക്കാട് തീരമേഖലയിലെ കാറ്റാടി മരതോപ്പിൽ പഠന പദ്ധതി | 41,00,000 | Social Forestry |
| 6 | മൂന്നാർ റോഡൊമെൻഷൻ | 3,20,000 | KFDC |
| 7 | തെന്മല നടപ്പാലം | 73,00,000 | TEPS |
| 8 | ഉുങ്ങാംപാറ പദ്ധതി | 99,99,999 | TEPS |
| 9 | മുണ്ടേരികടവ് പദ്ധതി | 73,00,000 | TEPS |
| 10 | തെന്മലയിലെ വികസനം | 7,00,000 | TEPS |
| 11 | ഇടുക്കി വെള്ളാപ്പാറ ഫോറസ്റ്റ് കഫേ | 8,00,000 | Idukki Wildlife Division, Kerala Forest Department |

(സി) ഇക്കോടൂറിസം പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകികൊണ്ട്, പരിസ്ഥിതി സൗഹാർദ്ദ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കെ.എഫ്.ഡി.സി./തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി/വനം വകുപ്പ് എന്നിവർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധനയ്ക്ക് വിധേയമാക്കി സർക്കാർ അംഗീകാരത്തോടെയും പരിസ്ഥിതിക്ക് കോട്ടംതട്ടാതെയുമാണ് നടപ്പിലാക്കിവരുന്നത്. സംരക്ഷിത വനപ്രദേശത്തും മറ്റുമുള്ള പദ്ധതികൾ അതീവ ശ്രദ്ധയോടെ നടപ്പിലാക്കാൻ

ശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ഇക്കോട്ടൂറിസം വിഭാഗം ആവശ്യമായ പരിശോധന നടത്തിയ ശേഷമാണ് പദ്ധതികളുമായി മുന്നോട്ട് പോകുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, ലോകത്ത് നിർബന്ധമായും കണ്ടിരിക്കേണ്ട അപൂർവ്വ സ്ഥലങ്ങളിലൊന്നാണ് കേരളം എന്നത് അന്താരാഷ്ട്ര ഏജൻസികളും അന്താരാഷ്ട്ര മാധ്യമങ്ങളും നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരമുള്ള സന്ദർശന അനുഭവം പ്രദാനം ചെയ്യുന്നതിനുവേണ്ടി വിനോദസഞ്ചാര വകുപ്പ് വ്യത്യസ്തങ്ങളായ പരിപാടികളാണ് നടപ്പാക്കിവരുന്നത്. പുതിയ ബജറ്റിൽ കേരളത്തിലെ ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് സംരക്ഷണവും ഉടമസ്ഥർക്ക് വരുമാനവും പ്രാദേശികമായി തൊഴിലും സംഭാവന ചെയ്യാൻ സാധിക്കുന്ന കെ-ഹോം പദ്ധതി അടക്കം കൊണ്ടുവരികയാണ്. കേരളത്തിലെ സുസ്ഥിര ടൂറിസം വികസനത്തിന് ഡിസൈൻ പോളിസി വഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഡിസൈൻ പോളിസി

ദീർഘകാലമായി ടൂറിസം മേഖലയിൽ നടപ്പാക്കണമെന്നുള്ള അഭിപ്രായം പൊതുവെ ഉയർന്നുവന്നിട്ടുണ്ട്. ഡിസൈൻ പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത്, ടൂറിസം മേഖലകൾ 2023-ൽ നമ്മുടെ രാജ്യത്തും ലോകത്തും ലഭിക്കാവുന്ന മികച്ച ആർക്കിടെക്റ്റുകളെയുൾപ്പെടെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിസൈൻ പോളിസി വർക്ക്ഷോപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുകൊണ്ട് സംഘടിപ്പിക്കുകയുണ്ടായി. അതിൽ വന്ന കരട് റിപ്പോർട്ട് മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് മന്ത്രിസഭ അംഗീകാരം നൽകിയപ്പോൾ ഇന്ത്യയുടെ ചരിത്രത്തിൽ പുതുമനിറഞ്ഞ ഒരു നീക്കമായി മാറിയിരിക്കുകയാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ടൂറിസം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ ഒരു ഡിസൈൻ പോളിസി നടപ്പാക്കിയത് കേരളത്തിലാണെന്ന് സന്തോഷത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇതിൽ സുസ്ഥിരവും സമഗ്രവുമായ ടൂറിസം വികസനം ലക്ഷ്യമിട്ടാണിത് നടപ്പിലാക്കുന്നത്. നിർമ്മാണ പ്രവൃത്തികളിലുൾപ്പെടെ പരിസ്ഥിതി സൗഹൃദമായ പദ്ധതികൾ കൊണ്ടുവരാൻ ഡിസൈൻ പോളിസി വഴി സാധിക്കുന്നുണ്ട്. അത് പൊതുസ്ഥലങ്ങളെ ആകർഷകമാക്കാനും അത്തരം

കേന്ദ്രങ്ങളിൽ നല്ല നിലയിൽ മാറ്റങ്ങൾ കൊണ്ടുവരാനും സാധിക്കുന്ന നിലപാടാണ് പൊതുവെ സ്വീകരിക്കുന്നത്. ഇന്നത്തെ ലോക ട്രെൻഡിൽത്തന്നെ പൊതുവെ കണ്ടുകൊണ്ടിരിക്കുന്ന ഒരു കാര്യം ഡെസ്റ്റിനേഷൻ ഡ്യൂപ്പാണ്. തിരക്കേറിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരികൾ പോകാൻ താൽപ്പര്യപ്പെടുന്നില്ല. ഒഴിഞ്ഞ സ്ഥലങ്ങളിൽ പോകാനാണ് താൽപ്പര്യപ്പെടുന്നത്. അതിന്റെ ഭാഗമായി കേരളത്തിലെ അൺ-എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളെ എക്സ്പ്ലോർ ചെയ്യാൻ വേണ്ടി ഒരു ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് സംവിധാനങ്ങളുംവച്ച് സംഘടിപ്പിക്കുകയുണ്ടായി. അങ്ങനെ 40 കേന്ദ്രങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അവിടെയും ഡിസൈൻ പോളിസി നടപ്പാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അത് ടൂറിസം മേഖലയിൽ പൊതുവെ ഗുണകരമായ മാറ്റത്തിന് കാരണമാകും.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, സുസ്ഥിര ടൂറിസം വികസനത്തിന് ഗ്രാമീണ ടൂറിസം പദ്ധതികൾ എത്രത്തോളം സഹായകരമായി മാറുന്നുണ്ട്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഗ്രാമീണ ടൂറിസത്തിന്റെ സാധ്യത സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ച ഡെസ്റ്റിനേഷൻ ഡ്യൂപ്പ്

കൂടിവച്ചുകൊണ്ട് പരിശോധിക്കേണ്ട കാര്യമാണ്. നമ്മുടെ ജീവിതത്തിലെ ചെറുപ്പകാലം മുതൽ കണ്ട് താൽപര്യപ്പെട്ട പല കേന്ദ്രങ്ങളും എന്തുകൊണ്ട് വികസിക്കുന്നില്ലെന്ന ആശങ്ക പൊതുവെ ഉണ്ടാകാറുണ്ട്. അവയൊക്കെ വലിയ സാധ്യതയുള്ള സ്ഥലങ്ങളാണ്. കൂടുതൽ സഞ്ചാരികൾ വരാത്ത അത്തരം സ്ഥലങ്ങൾ ഗ്രാമങ്ങളിൽ ധാരാളമായുണ്ട്. അതിന്റെ ഭാഗമായ എല്ലാ ശ്രമങ്ങളും ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഡെസ്റ്റിനേഷൻ ചലഞ്ചും വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളും നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകളും കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകളും കാർബൺ ന്യൂട്രൽ പാക്കേജുകളും ഫാം വിസിറ്റ് പാക്കേജുകളും സ്റ്റോറി ടെല്ലിങ്ങ് പാക്കേജുകളും ഫെസ്റ്റിവൽ ടൂറിസം പാക്കേജുകളും ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി നടത്തിവരുന്നുണ്ട്. സ്ട്രീറ്റ് പദ്ധതിയിൽ വിവിധ സ്ട്രീറ്റുകൾ സജ്ജമാക്കുകയാണ്. വാട്ടർ സ്ട്രീറ്റ് പദ്ധതി ഇതിന്റെ ഭാഗമാണ്. പലയിടങ്ങളിലും നിലച്ചുപോകുകയോ മലിനമാക്കപ്പെടുകയോ ചെയ്ത ജലാശയങ്ങളെ പുനരുജ്ജീവിപ്പിച്ച് പദ്ധതി നടപ്പാക്കുന്നുണ്ട്. പരിസ്ഥിതിയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ കൂടി ടൂറിസത്തിന്റെ ഭാഗമായി

സംഘടിപ്പിക്കുകയാണ്. ഇത് മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് മുന്നോട്ടുപോകുകയാണ്. ലോക യാത്രകൾക്കിടയിലുള്ള മറ്റൊരു പ്രധാന പ്രവണത, Now the trend is for bucketlist experiences more than bucketlist destinations. അനുഭവവേദ്യ ടൂറിസത്തിന്റെ ഒരു പുതിയ ലോകം യാത്രികർ കണ്ടെത്തുകയാണ്. യാത്ര ചെയ്യുന്ന സ്ഥലങ്ങളിലെ സാംസ്കാരികതുടിപ്പുകൾ അവർ തൊട്ടറിയുന്നുണ്ട്. ഉത്സവങ്ങൾ, രുചികൾ, ജീവിത രീതികൾ, തൊഴിലിടങ്ങൾ തുടങ്ങി മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്ന ഒന്നായി യാത്ര മാറിയിരിക്കുകയാണ്. കേരളം അനുദിനം നഗരവൽക്കരിക്കപ്പെട്ടു കൊണ്ടരിക്കുന്ന ഇന്നത്തെ കാലത്ത്, ഈ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് സഞ്ചാരികളെ ഗ്രാമങ്ങളിലേയ്ക്ക് വരവേൽക്കുന്നതിനായി കേരളത്തിന്റെ ഗ്രാമ തനിമയും പ്രകൃതി രമണീയമായ സ്ഥലങ്ങളെയും പൊതുവെ ലോക യാത്രികർക്കിടയിൽ പരിചയപ്പെടുത്താൻ ഈ പുതിയ ട്രെൻഡിനെ കണ്ടുകൊണ്ടുള്ള ഇടപെടലാണ് ടൂറിസം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, പുതിയ ധാരാളം ആശയങ്ങളാണ് ടൂറിസം വകുപ്പ് ഇപ്പോൾ മുമ്പോട്ട് വച്ചുകൊണ്ടിരിക്കുന്നത്. അതിന് ടൂറിസം

രംഗത്ത് വലിയ സ്വീകാര്യത ലഭിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ആശയമായ ടൂറിസം ക്ലബ്ബുകൾ എന്നതുകൊണ്ട് ടൂറിസം വകുപ്പ് എന്താണ് ലക്ഷ്യം വച്ചിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തനങ്ങൾ എന്തായെന്നും വിശദമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടൂറിസം ക്ലബ്ബ് ഒന്നുരണ്ട് രാജ്യങ്ങളിൽ വലിയ ട്രെൻഡായി മാറിയ കാര്യമാണ്. ഇവിടെ കേരളത്തിലെ യുവജനങ്ങൾ, വിദ്യാർത്ഥികൾ, തൊഴിലാളികൾ, സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തി ക്ലബ്ബുകൾ രൂപീകരിക്കുകയാണ്. ഉദാഹരണത്തിന് വിദ്യാർത്ഥികളുടെ ക്ലബ്ബ്. കേരളത്തിലെ കലാലയങ്ങളിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുകയാണ്. 'X' എന്ന കലാലയം തൊട്ടടുത്തുള്ള 'Y' എന്ന ടൂറിസ്റ്റ് കേന്ദ്രത്തെ പൂർണ്ണമായും സ്വീകരിക്കുന്ന സ്ഥിതിയാണ്. ആ കേന്ദ്രത്തിന്റെ അറ്റകുറ്റപണികൾ, മാർക്കറ്റിങ്ങ് തുടങ്ങി അതിന്റെ പ്രചരണത്തിന്റെ ബ്രാൻഡ് അംബാസഡർമാരായി ആ കലാലയത്തിലെ ടൂറിസം ക്ലബ്ബുകൾ മാറുകയാണ്. ചില ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ചുറ്റുവട്ടത്തുള്ള യുവജനങ്ങളെ അണിനിരത്തിക്കൊണ്ട് ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുകയാണ്. അങ്ങനെ രൂപീകരിച്ച ചില യുവജന ടൂറിസം ക്ലബ്ബുകൾ

വളരെ മാതൃകാപരമായി ഇടപെടുന്നുണ്ട്. ചില ഫെസ്റ്റുകളിലെ ആദ്യാവസാനം വരെയുള്ള പ്രവർത്തനങ്ങൾ അവർ നടത്തുന്നുണ്ട്. ഫെസ്റ്റുകൾക്ക് ശേഷമുണ്ടാകുന്ന പ്രകൃതിക്ക് ദോഷം സംഭവിക്കുന്ന മാലിന്യ പ്രശ്നങ്ങളുൾപ്പെടെ പരിഹരിക്കാൻ അവർ ഇടപെടുന്നുണ്ട്. ആ നിലയിലേയ്ക്ക് ക്ലബ്ബുകൾ മാറുന്ന സ്ഥിതിയാണുള്ളത്. കേരളത്തിലെ ഓട്ടോറിക്ഷ തൊഴിലാളികളെ ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡർമാരായി മാറ്റാൻ ഈ ക്ലബ്ബുകളുടെ ഭാഗമാക്കുകയാണ്. ചില ജില്ലകളിൽ അവിടെ വരുന്ന സഞ്ചാരികളെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ കേരളത്തിലെ ഓട്ടോറിക്ഷകളെ സജ്ജമാക്കി ഓട്ടോറിക്ഷ തൊഴിലാളികൾ വരുകയാണ്. ഇങ്ങനെ പുതിയ തലമുറയെ കേരളത്തിന്റെ ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡർമാരാക്കുകയാണ്. കേരളത്തിന്റെ പുറത്തുള്ള വിദേശ രാജ്യങ്ങളിലെ മലയാളികളെ അണിനിരത്തിക്കൊണ്ട് അതത് രാജ്യങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുകയാണ്. അവർ ആ രാജ്യങ്ങളിൽ കേരളത്തിന്റെ പ്രകൃതിരമണീയമായ സ്ഥലങ്ങളെ പരിചയപ്പെടുത്താൻവേണ്ടിയുള്ള വലിയ പ്രചരണം നടത്തുന്നുണ്ട്. കേരള ടൂറിസത്തിന്റെ കുതിപ്പിന്റെ കപ്പിത്താനായി ടൂറിസം ക്ലബ്ബ്

മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് പൊതുവെ കാണാൻ സാധിക്കുന്നത്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, കേരളത്തോടെ രാജ്യത്തിന്റെ അകത്തും പുറത്തുമുള്ള സഞ്ചാരികൾക്ക് വലിയ പ്രതീക്ഷയാണ്. കാരണം, ഒട്ടേറെ ദുരന്തങ്ങൾ ഈ അടുത്തകാലത്ത് നേരിട്ടപ്പോൾ അതെല്ലാം മറികടന്ന് അതിവേഗത്തിൽ ടൂറിസം രംഗത്ത് വലിയ തിളക്കമാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. വ്യത്യസ്തമായ രംഗങ്ങളിൽ ടൂറിസം മേഖല കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ചേലക്കരയിൽ വിവിധതരത്തിലുള്ള കൃഷികൾ നടക്കുന്നുണ്ട്. പാമ്പുകളുടെ രാജാവ് രാജവെമ്പാല എന്ന് പറയുന്നതുപോലെ വിവിധ നേന്ത്രക്കായ്ക്കളുടെ രാജാവ് ചെങ്ങാലിക്കോടൻ നേന്ത്രകായയാണ്. ചേലക്കരയും വടക്കാഞ്ചേരിയും ആ രംഗത്ത് നല്ല നിലയിൽ കൃഷി ചെയ്യുന്ന സ്ഥലങ്ങളാണ്. ചേലക്കരയിൽ നേന്ത്രവാഴ കൃഷി മാത്രമല്ല മറ്റ് പഴവർഗ്ഗങ്ങളും നെല്ലും ധാരാളം കൃഷി ചെയ്യുന്നുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട് ഇതിനെയെല്ലാം കോർത്തിണക്കി ഒരു പദ്ധതിക്ക് രൂപം നൽകാൻ സാധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഫാം ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പരിശോധിക്കാം. പുരയിടങ്ങളിലെ കൃഷി, ഫാം വിസിറ്റ്

യൂണിറ്റുകൾ, ഫാം ആക്റ്റിവിറ്റി സെന്ററുകൾ, ഫാം സ്റ്റേകൾ, ഫാം ടൂറിസ്റ്റ് സെന്ററുകൾ എന്നീ നിലയിലാണ് അഞ്ച് വിഭാഗങ്ങളിലായി ഇതുമായി ബന്ധപ്പെട്ട പദ്ധതി നടപ്പാക്കിവരുന്നത്. 952 സംരംഭങ്ങൾക്ക് ആർ.ടി. മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി. 482 യൂണിറ്റുകൾ മികച്ച നിലയിൽ പ്രവർത്തിച്ചുവരികയാണ്. ഇതിൽ 103 യൂണിറ്റുകൾ ആർ.ടി. മിഷൻ സൈറ്റിൽ ലിസ്റ്റുചെയ്തിട്ടുണ്ട്. വൻകിട ഫാം ടൂറിസം സെന്ററുകൾ ഉൾപ്പെടെ കേരളത്തിൽ മികച്ച നിലയിൽ കൊണ്ടുവരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ ചേലക്കരയിലെ വലിയൊരു കൃഷി തടഞ്ഞ്, പൊളിച്ചുകൊണ്ടാണല്ലോ അദ്ദേഹം നിയമസഭയിലെത്തിയത്. ആ നിലയിൽ ചേലക്കരയിലെ സാധ്യത എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് പൊതുവെ പരിശോധിക്കാമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, വിവിധ പദ്ധതികളിലൂടെ ടൂറിസം മേഖലയിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നകാര്യത്തിൽ തർക്കമില്ല. എന്റെ നിയോജകമണ്ഡലമായ മലമ്പുഴയിൽ അടുത്ത ആഴ്ച ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ പങ്കെടുത്തുകൊണ്ട് കാരവൻ ടൂറിസത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിക്കുകയാണ്. പൈതൃക ടൂറിസം

പദ്ധതികളുടെയും വിദ്യാഭ്യാസ ടൂറിസം പദ്ധതികളുടെയും സാധ്യത എത്രത്തോളം കേരള ടൂറിസം വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് വളരെ പ്രസക്തമായ കാര്യമാണ്. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനം നല്ല നിലയിൽ ശ്രദ്ധിക്കുന്നുണ്ട്. പൈതൃക ടൂറിസം പദ്ധതികളുടെ സാധ്യതകൾ വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. മുസിരീസ് ടൂറിസം പദ്ധതി നമ്മുടെ മുമ്പിലുണ്ട്. ഇതുപോലെ മറ്റ് പല ജില്ലകളിലും ശ്രമം നടത്തുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ Heritage walk പോലുള്ള പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലും ഇതുപോലെയുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. നമുക്ക് സാധ്യതകളെ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്നത് വീണ്ടും പരിശോധിച്ചുനോക്കാം.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)